# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 23 | മാർച്ച് 2018 | ലക്കം 3

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***സഹരക്ഷാധികാരി***
വെരി.റവ.മോൺ.യൂജിൻ എച്ച്. പെരേര
***പത്രാധിപ സമിതി***
റവ. ഡോ. എഡിസൺ വൈ.എം
റവ. ഡോ. യേശുദാസൻ മത്യാസ്
റവ. ഫാ. ശാന്തപ്പൻ
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഫാ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
ശ്രീ.ആർക്കാഞ്ചലോ.എം.
റവ. ഡോ. മൈക്കിൾ തോമസ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
***സഹപത്രാധിപർ***
ശ്രീ. പീറ്റർ കട്ടികാട്ട്
***കവർ & ലേ-ഔട്ട്***
ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്പ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- വാർഷിക പദ്ധതിയധിഷ്ഠിത പ്രവർത്തന ശൈലി (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്പ്സ് ഡയറി - മാർച്ച്
- ബിഷപ്പ്സ് ഡയറി - മാർച്ച്
- തപസ്സുകാലം 2018
- വിജ്ഞാപനങ്ങൾ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി: ഫെറോനകളിൽ
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്രാസ ശുശ്രുഷ ഫെറോനകളിൽ
- സാമൂഹ്യ ശുശ്രൂഷ ഫെറോനകളിൽ
- അല്മായ ശുശ്രൂഷ



# വാർഷിക പദ്ധതിയധിഷ്ഠിത പ്രവർത്തന ശൈലി

അതിരൂപതയുടെ മൂന്നു (ഇടവക-ഫെറോന -രൂപത) തലങ്ങളും പുതിയ സാമ്പത്തിക വർഷത്തിലേയ്ക്ക് (2018-19) പ്രവർത്തന രേഖയും ബജറ്റും തയ്യാറാക്കിവരികയാണല്ലോ. ഈ വർഷം എല്ലാ സമിതികളും കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ പ്രവർത്തനരേഖയും ബജറ്റും തയ്യാറാക്കുമെന്ന സൂചനയാണ്, ഇതിനായി ഒമ്പതു ഫെറോനകളിലും നടത്തിയ പരിശീലന പരിപാടികളിൽ നിന്ന് ലഭിക്കുന്നത്. തക്കതായ കാരണങ്ങളാൽ കഴിഞ്ഞ വർഷം വാർഷിക പ്രവർത്തന രേഖയും ബജറ്റും തയ്യാറാക്കാൻ കഴിയാതിരുന്ന ചുരുക്കം ചില ഇടവക-ഫെറോന സമിതികളുൾപ്പെടെ നൂറു ശതമാനം ഇടവക-ഫെറോന സമിതികളും ഈ വർഷം, പുനഃക്രമീകരിച്ച ഫെറോന വികേന്ദ്രീകരണ പശ്ചാത്തലത്തിൽ, പങ്കാളിത്ത സഭാസമൂഹത്തിന്റെ മുഖമുദ്രയായി കണക്കാക്കാവുന്ന, വാർഷികപദ്ധതിരേഖ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന ശൈലിയോടു കൈകോർക്കാൻ തയ്യാറെടുത്തുവരുന്നത് പ്രതീക്ഷാജനകമാണ്. ചില ഇടവകകൾ കഴിഞ്ഞ വർഷം അപൂർണമായ വാർഷിക രേഖകൾ ഹാജരാക്കുകവഴി വീഴ്ച വരുത്തുകയുണ്ടായി. ബജറ്റ് രേഖ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കാതിരുന്നതും, ഇടവക തിരുനാളിനുള്ള പരിപാടിയും ബജറ്റും അതിനുള്ള പ്രത്യേക ഫോർമാറ്റിൽ തയ്യാറാക്കാതിരുന്നതും മറ്റുമായിരുന്നു കാരണങ്ങൾ. ആ പോരായ്മയ്ക്ക് ഈ വർഷം പരിഹാരമുണ്ടാക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരോടും താല്പര്യപ്പെടുന്നു.

വാർഷിക പദ്ധതിരേഖയിലെ ആഭിമുഖ്യങ്ങളിൽ പ്രധാനം, പ്രത്യേകിച്ചും ഓഖിബാധിത



ഇടവക-ഫെറോനകളിൽ ഓഖി ദുരന്ത കെടുതി നിവാരണവും, ഇരയായവരെ എല്ലാ മേഖലകളിലും പുനഃരധിവസിപ്പിക്കലുമാണ്. ഹോം മിഷൻ കഴിഞ്ഞ ഇടവകകളെ സംബന്ധിച്ചിടത്തോളം, ശുശ്രൂഷകൾ ഉണർന്നു പ്രവർത്തിക്കേണ്ട മേഖലകൾ ഏതെല്ലാമെന്ന് വിശദമായി രേഖാമൂലം നൽകപ്പെട്ടിട്ടുണ്ട്.

വല്ലാർപാടം സമ്മേളനം ആഹ്വാനം ചെയ്യുന്നപ്രകാരം, ജനങ്ങൾ ഇടവകകളിൽ ചെറുസമൂഹങ്ങൾ (ബിസിസികൾ) വഴി പരസ്പരം ശുശ്രൂഷകൾ നല്കുന്ന പങ്കാളിത്തസഭാ സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള സംരംഭങ്ങളും പദ്ധതിരേഖയിൽ പ്രതീക്ഷിക്കുന്നു; ഒപ്പം, സമ്മേളനം മുന്നോട്ടുവെച്ച പ്രേഷിത കുരിശിന്റെ പ്രയാണം സംഘടിപ്പിക്കുന്നതിനും, അതുവഴി, ഇടവകകളിൽ ശുശ്രൂഷാ നേതൃത്വത്തിൽ നില്ക്കുന്നവർ പ്രേഷിത ദൗത്യം എന്താണെന്ന് തിരിച്ചറിഞ്ഞ്, തങ്ങളുടെ കുടുംബകൂട്ടായ്മയിൽ, സ്വന്തം കുടുംബത്തിൽ ഈ ദൗത്യം നിർവ്വഹിച്ചു തുടങ്ങുന്നതിനുള്ള കർമ്മ പരിപാടികളും ശുശ്രൂഷാ സമിതികൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

കുടുംബങ്ങൾ ശിഥിലീകരണത്തിന്റെ കടുത്ത ഭീഷണി നേരിടുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ, 'ഡിജിറ്റൽ ഫ്രീ ഫാമിലി ഔവർ' ദൈവപരിപാലനയാൽ മുന്നോട്ടുവെയ്ക്കപ്പെട്ട ശ്രേഷ്ഠമായൊരു ആശയമാണ്. കുടുംബങ്ങൾ ഇത് ഫലപ്രദമായി നടപ്പാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളും ശുശ്രൂഷകളുടെ പദ്ധതിയിൽ ഉണ്ടാകണം. യുവജന വർഷം ആചരിക്കുന്ന ഇത്തരുണത്തിൽ, 'ഡിജിറ്റൽ ഫ്രീ ഫാമിലി ഔവർ' ആശയം ഏറ്റെടുക്കുവാൻ, പ്രത്യേകമായും യുവജനങ്ങളെ പ്രേരിപ്പിക്കുന്നത് കൂടുതൽ പ്രയോജനം ചെയ്യുമെന്നു കരുതുന്നു.

സുവിശേഷവൽക്കരണം എന്ന ആത്യന്തികലക്ഷ്യം അടിസ്ഥാനമാക്കി വാർഷിക പദ്ധതി വിഭാവന ചെയ്യുന്ന നാം ഏകോപനത്തിനായി പാലിക്കുന്ന പരസ്പര ധാരണയും സഹവർത്തിത്വവും സഹകരണവും നമ്മേ അനുയോജ്യവും കാര്യക്ഷമവുമായ വാർഷിക പദ്ധതി രേഖ തയ്യാറാക്കാൻ സജ്ജരാക്കട്ടെ എന്ന് ആശംസിക്കുന്നു. മഹത്തായ ഈ സംരംഭത്തിൽ നിസ്വാർത്ഥമായി ഏർപ്പെട്ടിട്ടുള്ള ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

**† ക്രിസ്തുദാസ് ആർ.**
സഹായ മെത്രാൻ,
കോഓർഡിനേറ്റർ, അതിരൂപതാ ശുശ്രൂഷകൾ

## ARCHBISHOP'S DIARY, MARCH 2018

| | | | |
|---|---|---|---|
| 04 | SUN | 05.00 pm | HOME MISSION, Conclusion, Azhakulam |
| 06 | TUE | 10.30 am | Vicar Foranes and Secretaries Meeting |
| 09 | FRI | 10.30 am | CPEC Plan and Budget Draft Presentation |
| 10 | SAT | 04.00 pm | Seminar on Psychology of Jesus |
| 11 | SUN | 10.00 am | HOME MISSION, Conclusion, St. Joseph's Kazhakuttom |
| 13 | TUE | 10.30 am | Senate of Priests |
| 15 | THU | | KCBC Commissions meeting |
| 18 | SUN | 09.00 am | Holy Eucharistic Celebration, Vellarada Kurishumala. |
| | | 06.00 pm | Concluding Ceremony of 40 hour Adoration, Valiathura. |
| 19 | MON | 05.00 pm | St. Joseph, Patron Saint of Archbishop, Feast Day Eucharistic Celebration, Palayam |
| 22 | THU | 04.00 pm | Shalom Vattappara, Meeting |
| 23 | FRI | 06.00 pm | Budget Session of Archdiocese. |
| 24 | SAT | | Budget Session Continues. |
| 25 | SUN | | PALM SUNDAY |
| | | 05.00 pm | Holy Eucharistic Celebration, Kurishintevazhi Pulluvila Forane |
| 26 | MON | | Priest's Retreat and Chrism Mass. |
| 29 | THU | | HOLY THURSDAY |
| 30 | FRI | 03.00 pm | GOOD FRIDAY, Liturgical service |
| 31 | SAT | | EASTER VIGIL. |

**Fr. Judit Pious Lawrence**
Secretary to Archbishop



## AUXILIARY BISHOP'S DIARY, MARCH 2018

| | | | |
|---|---|---|---|
| 01 | THU | 05.00 pm | HOME MISSION, Inauguration, Azhakulam |
| 03 | SAT | 03.30 pm | Bp. Pereira Education Trust Meeting |
| 04 | SUN | 06.45 am | Holy Eucharistic Celebration, Nanthancode |
| | | 04.30 pm | KCYM Year Inauguration, Kazhakuttom |
| 06 | TUE | 10.30 am | Vicar Foranes and Secretaries Meeting |
| 07 | WED | 05.30 pm | HOME MISSION, Inauguration, St. Joseph's Kazhakuttom |
| 09 | FRI | 10.30 am | CPEC Plan and Budget Draft Presentation |
| 12th till 18 | | | KUWAIT VISIT |
| 19 | MON | 09.30 am | Feast Day Eucharistic Celebration. Fathima Kazhakuttom |
| 20 | TUE | 10.30 am | School Centenary Celebration, Thazhampally |
| 21 | WED | 03.30 pm | Vestition of Archdiocesan Seminarians, Vellayambalam |
| 22 | THU | 06.30 pm | Valedictory Function, St. Vincent's Seminary |
| 23 | FRI | 06.00 pm | Budget Session of Archdiocese. |
| 24 | SAT | | Budget Session Continues. |
| 25 | SUN | | PALM SUNDAY |
| | | 06.00 pm | Message, Kurishintevazhi Valiathura Forane |
| 26 | MON | | Priest's Retreat and Chrism Mass. |
| 29 | THU | 05.30 pm | HOLY THURSDAY |
| 30 | FRI | 03.00 pm | GOOD FRIDAY, Liturgical service |
| 31 | SAT | | EASTER VIGIL. |

**Fr. Judit Pious Lawrence**
Secretary to Archbishop

No. 003/2018/PL Dated:14.02.2018 Latin Archdiocese of Trivandrum, Vellayambalam

# തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 003/2018/PL *തപസ്സുകാലം 2018* Dated: 14.02.2018

**ദൈവത്തിനു സ്തുതി!**
**ദൈവജനത്തിനു സമാധാനം!**

*വന്ദ്യവൈദികരേ, പ്രിയമക്കളേ,*

എല്ലാറ്റിനും ഓരോരോ സമയമുണ്ടെന്ന് സഭാപ്രസംഗകൻ നമ്മെ പഠിപ്പിക്കുന്നു. "ജനിക്കാനൊരു കാലം, മരിക്കാനൊരു കാലം, നടാനൊരു കാലം, നട്ടതു പറിക്കാനൊരു കാലം," "കരയാനൊരു കാലം," ചിരിക്കാനൊരു കാലം," (സഭാ. 3:1-). കഴിഞ്ഞ ബുധനാഴ്ച നെറ്റിയിൽ ചാരം പൂശിക്കൊണ്ട് നാം നോമ്പുകാലം സമാരംഭിച്ചു. കുറവുകൾ നികത്തിക്കൊണ്ടും സുകൃതങ്ങൾ അഭ്യസിച്ചുകൊണ്ടും നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കുവാനായി ദൈവം കല്പിച്ചു നല്കിയ കാലയളവാണിത്. നോമ്പുകാലം ധൂർത്തിന്റെയും ആർഭാടത്തിന്റെയും കാലമല്ല, പാപങ്ങളെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെടേണ്ട കാലമാണ്. നോമ്പുകാലത്ത് ചില നേരങ്ങളിൽ ആഹാരം വേണ്ടെന്നുവച്ച് ശരീരത്തെ നിയന്ത്രിച്ചാൽ മാത്രംപോരാ, സുകൃതങ്ങൾ അഭ്യസിച്ചു കൊണ്ട് ആത്മാവിനെ പുഷ്ടിപ്പെടുത്തുവാനും നമുക്കു സാധിക്കണം. വേണ്ടെന്നു വയ്ക്കുന്ന സൗകര്യങ്ങളൊക്കെ സമാഹരിച്ച് മറ്റുള്ളവർക്കു നന്മ ചെയ്യാനും നമുക്കാവണം.

അനുതപിക്കുന്നവർ രക്ഷപ്പെടും, അനുതപിക്കാത്തവർ നശിക്കും എന്ന് ശക്തമായ ഒരു മുന്നറിയിപ്പാണ് നോമ്പു കാലത്തിന്റെ തുടക്കത്തിൽത്തന്നെ സഭ നമുക്കു നല്കുന്നത്. ഈ നോമ്പുകാലത്ത് ജീവിതത്തിലെ എല്ലാ മേഖലകളിലും കർത്താവിലേയ്ക്ക് തിരിച്ചു വരാൻ നമ്മെ ആഹ്വാനം ചെയ്തുകൊണ്ട് പതിവുപോലെ ഇക്കൊല്ലവും ഫ്രാൻസിസ് മാർപാപ്പ ഒരു സന്ദേശം നല്കുന്നുണ്ട്. ഈ സന്ദേശത്തിൽ മത്തായിയുടെ സുവിശേഷത്തിലെ ഒരു സുപ്രധാന വാക്യത്തെക്കുറിച്ചു ചിന്തിക്കാനാണ് പരിശുദ്ധ പിതാവ് നമ്മോട് ആവശ്യപ്പെടുന്നത്. ലോകാവസാനത്തെക്കുറിച്ച് സംസാരിക്കുന്നതിനിടയ്ക്ക് ശിഷ്യന്മാരുടെ ഒരു ചോദ്യത്തിനു മറുപടിയായി യേശുപറഞ്ഞതാണിത്: ''അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തു പോകും". (മത്താ. 24:12) ക്രിസ്തീയ ജീവിതത്തിന്റെ അന്തഃസത്തയായി ജ്വലിച്ചുനില്ക്കേണ്ട സ്നേഹത്തെ തണുത്തുപോകാതെ എപ്പോഴും ജ്വലിപ്പിച്ചുനിറുത്തുവാനുള്ള ഒരു ആഹ്വാനമാണിത്.

തണുത്തുപോയ സ്നേഹത്തിന്റെയും ജ്വലിച്ചു നിൽക്കുന്ന സ്നേഹത്തിന്റെയും അടയാളങ്ങളായി നാം മനസ്സിൽ സൂക്ഷിച്ചു ധ്യാനിക്കേണ്ട രണ്ടു പ്രതീകങ്ങളും മാർപാപ്പ തന്റെ സന്ദേശത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒന്നാമത്തെ പ്രതീകം ദാന്തെ അലി ഗരി എന്ന ഇറ്റാലിയൻ മഹാകവി, നരകത്തെ വർണ്ണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നതാണ്. നമ്മുടെ സ്നേഹം എപ്രകാരം തണുത്തുറഞ്ഞു പോയെന്നും അതിന്റെ കാരണ ങ്ങൾ എന്താണെന്നും ആത്മ പരിശോധന ചെയ്തു നോക്കാനുള്ള ഒരു ആഹ്വാനമാണിത്.

ജ്വലിച്ചുനില്ക്കേണ്ട സ്നേഹത്തിന്റെ പ്രതീകമായി മാർപാപ്പ ചൂണ്ടിക്കാണിക്കുന്നത് വലിയ ശനിയാഴ്ച ജാഗരണത്തിന്റെ ആരംഭത്തിൽ പുത്തൻ തീയിൽനിന്ന് തിരി കത്തിച്ച് എല്ലാവർക്കും പകർന്നുകൊടുക്കുന്ന ഹൃദയസ്പർശിയായ കർമ്മമാണ്. ഒരിക്കലും അണയാത്ത, അതിരുകളും വ്യവസ്ഥകളുമില്ലാത്ത ദൈവസ്നേഹമാകുന്ന അഗ്നിയിൽ നിന്ന് യേശുവിനോടൊപ്പം ഉയിർത്തെഴുന്നേറ്റ് സമൂഹത്തിലാകമാനം പ്രകാശമായി ജ്വലിച്ചു നില്ക്കുവാനുള്ള നാമോരോരുത്തരുടെയും കടമയെ ഓർമിപ്പി

ക്കുന്ന വികാരഭരിതമായ ഒരു കർമ്മമാണിത്. നമ്മുടെ സ്നേഹം തണുത്തു പോകുന്നതിന്റെ കാരണങ്ങൾ മനസ്സിലാക്കുവാനും ആ സ്നേഹത്തെ എപ്പോഴും ജ്വലിപ്പിച്ചുനിറുത്തുവാനുമുള്ള ഒരു ആഹ്വാനമാണ് ഈ പ്രതീകങ്ങളിലൂടെ പരിശുദ്ധ പിതാവ് നമുക്കു നല്കുന്നത്.

പലപ്പോഴും നമ്മുടെ സ്നേഹം തണുത്തുപോകുന്നതിന്റെ കാരണമായി സുവിശേഷത്തിലെ യേശുവിന്റെതന്നെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് മാർപാപ്പ ചൂണ്ടിക്കാണിക്കുന്നത് നമുക്കു ചുറ്റും വർദ്ധിച്ചുവരുന്ന വ്യാജപ്രവാചകന്മാരുടെ നുണപ്രചരണങ്ങളാണ്. (Cfr. മത്താ.24:11) നുണയുടെ പിതാവായ പിശാചുമായി (Cfr. യോഹ. 8:44) ഒത്തുചേർന്ന് ഈ വ്യാജപ്രവാചകന്മാർ എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു.

ഈ വ്യജപ്രവാചകന്മാരെ മാർപാപ്പ ആദ്യമായി പാമ്പു പിടുത്തക്കാരോടാണ് ഉപമിക്കുന്നത്. പാമ്പു പിടുത്തക്കാർ തങ്ങളുടെ ജാലവിദ്യകളിലൂടെ സർപ്പങ്ങളെ മയക്കി വരുതിയിലാക്കുകയും തങ്ങളുടെ ഇഷ്ടാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നതുപോലെ ഈ വ്യജപ്രവാചകന്മാരും നിരവധി ദൈവമക്കളെ വഴിതെറ്റിച്ചു കൊണ്ടിരിക്കുന്നു. ഇവരുടെ നുണപ്രചരണങ്ങൾ കാരണം താൽക്കാലികമായ സുഖസൗകര്യങ്ങളെ ശാശ്വത സൗഭാഗ്യങ്ങളായി കരുതി ധാരാളംപേർ ഇവയിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. സമ്പത്തും സുഖസൗകര്യങ്ങളും വാരിക്കൂട്ടിയാൽ എല്ലാമായി എന്ന ഇവരുടെ മിഥ്യാധാരണകാരണം സ്നേഹം തണുത്തുറഞ്ഞ്പോകുന്ന ഇവർ എല്ലാം ലാഭേച്ഛയോടെ കാണുകയും ദൈവത്തിൽനിന്നും അകലുകയും വ്യാജപ്രവാചക ന്മാരുടെ ഇഷ്ടത്തിനൊത്ത് തുള്ളുകയും ചെയ്യുന്നു.

രണ്ടാമതായി പരിശുദ്ധ പിതാവ് ഈ വ്യാജ പ്രവാചകന്മാരെ മുറിവൈദ്യന്മാരോടാണ് ഉപമിക്കുന്നത്. രോഗശമനത്തിന് വളരെ എളുപ്പത്തിൽ താല്ക്കാലിക പരിഹാരം നിർദ്ദേശിക്കുന്നവരാണല്ലോ മുറിവൈദ്യന്മാർ. എന്നാൽ ഇവർ നിർദ്ദേശിക്കുന്ന ഈ പരിഹാരം ഉപയോഗശൂന്യമാണെന്ന് വളരെവേഗം തെളിയുകയും ചെയ്യും.



ഉദാഹരണമായി പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ സഹായിക്കുന്ന എളുപ്പമാർഗ്ഗം ലഹരിവസ്തുക്കളാണെന്ന വ്യാജപ്രവാചകന്മാരുടെ ഉപദേശം മുറിവൈദ്യമാണ്. കാരണം നിമിഷ നേരത്തേയ്ക്ക് അസ്വസ്ഥതകൾ മറക്കാൻ ഇവ സഹായിക്കുമെങ്കിലും ക്രമേണ മദ്യത്തോടും മയക്കു മരുന്നുകളോടുമുള്ള ഇവരുടെ ആസക്തി വർദ്ധിക്കുകയും ജീവിതത്തെ നശിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ സത്യത്തെ അസത്യത്തിൽ നിന്നും തിരിച്ചറിയാതെ സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുന്നുവെന്ന വ്യാജേന മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നവയെല്ലാം കണ്ണുമടച്ചു വിശ്വസിക്കുന്നത് മുറിവൈദ്യന്മാരുടെ ചികിത്സയ്ക്ക് വിധേയമാകുന്ന തിനു തുല്യമാണ്. മാധ്യമങ്ങളുടെ ദുരുപയോഗം കാരണം പ്രത്യേകിച്ചും, ഇന്ന് നമ്മുടെ യുവജനങ്ങൾ ധാരാളം സാമൂഹ്യതിന്മകൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് "ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ" (മത്താ. 24:4) എന്ന് യേശു നമ്മെ ഉപദേശിക്കുന്നത്. "എന്നാൽ, അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും" (Cfr. മത്താ. 24:10-13) എന്ന ഉറപ്പും യേശു നമുക്കു നല്കുന്നുണ്ട്. നാമോരോരുത്തരുടെയും യഥാർത്ഥ അവസ്ഥ മനസ്സിലാക്കി അവസാനംവരെ സഹിച്ചുനിന്നു കൊണ്ട് രക്ഷയുടെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാൻ നമുക്കു ലഭിക്കുന്ന അവസരമാണ് തപസ്സുകാലം.

നമ്മുടെ സ്നേഹം തണുത്തുപോകുന്നതിന്റെ അടയാളങ്ങൾ തിരിച്ചറിയാനും മാർപാപ്പ നമ്മോട് ആവശ്യപ്പെടുന്നു. "പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനു വേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് എല്ലാ തിന്മകളുടെയും വേരാണ്" (1 തിമോ. 6:10). പണത്തോടുള്ള ഈ ആസക്തി ദൈവത്തെയും അവിടുത്തെ സമാധാനത്തെയും ക്രമേണ ഉപേക്ഷിക്കാനും തിരുവചന ങ്ങളിലൂടെയും കൂദാശകളിലൂടെയും ലഭിക്കുന്ന ആശ്വാസത്തെക്കാൾ കൂടുതൽ പ്രാധാന്യം നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾക്കു നൽകുവാനും നമ്മെ പ്രേരിപ്പിക്കുന്നു. സ്നേഹം തണുത്തുറഞ്ഞു പോകുന്നതുകാരണം അനേകായിരം പിഞ്ചുശിശുക്കൾ അമ്മമാരുടെ ഉദരത്തിൽവച്ചുതന്നെ

കൊല്ലപ്പെടുന്നു, വൃദ്ധജനം തിരസ്ക്കരിക്ക പ്പെടുന്നു, രോഗികൾ അവഗണിക്കപ്പെടുന്നു, കുടിയേറ്റക്കാരും അപരിചിതരുമൊക്കെ നമ്മുടെ സമൂഹത്തിൽ ആക്രമണ വിധേയരാകുന്നു. അനുദിനം നാം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പരിസ്ഥിതിപ്രശ്നങ്ങ ളെല്ലാംതന്നെ മനുഷ്യഹൃദയങ്ങളിൽ സ്നേഹം തണുത്തുറഞ്ഞു പോകുന്നതിന്റെ അടയാളങ്ങളാണ്.

ഇങ്ങനെ തണുത്തുറഞ്ഞുപോയ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുവാനുള്ള മാർഗ്ഗമെന്താണ്? പരിഹാര മാർഗ്ഗങ്ങളായി മാർപാപ്പ നിർദ്ദേശിക്കുന്നതും സാധാരണ നോമ്പുകാലത്ത് നാം അനുഷ്ഠിക്കാ റുള്ള ഭക്താഭ്യാസങ്ങൾ തന്നെയാണ്: അതായത് പ്രാർഥന, ദാനധർമ്മം, ഉപവാസം.

എത്രതന്നെ തിരക്കുകളുണ്ടായാലും ഈ തപസ്സു കാലത്ത് കൂടുതൽ സമയം നാം പ്രാർത്ഥനയ്ക്കായി മാറ്റി വയ്ക്കണം. ദൈവവചനത്തിന്റെ വെളിച്ചത്തിൽ വ്യാജപ്രവാചകന്മാരുടെ നുണ പ്രചരണങ്ങളുടെ പൊള്ളത്തരം മനസ്സിലാക്കാൻ പ്രാർഥന നമ്മെ സഹായിക്കും. പ്രാർഥന നമ്മെ ശുദ്ധീകരിക്കുകയും ദൈവസ്നേഹ ത്തിൽ എപ്പോഴും ആശ്വാസം കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. ഈ പശ്ചാത്തലത്തിൽ നമ്മുടെ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ മുന്നോട്ടുവയ്ക്കുന്ന “മാധ്യമവിമുക്ത മണിക്കൂർ” എന്ന സംരംഭത്തെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരു വാനും പ്രോത്സാഹിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ ഒന്നിനൊന്നു മന്ദീഭവിച്ചു കൊണ്ടിരിക്കുന്ന പ്രാർഥനാചൈതന്യവും പരസ്പര ബന്ധങ്ങളും വീണ്ടെടുക്കു വാനുള്ള ഒരു സംരംഭമാണിത്. നോമ്പു കാലം ആരംഭിക്കുന്ന 2018 ഫെബ്രുവരി 14-ാം തീയതി തുടങ്ങി രാത്രി 7.30 മുതൽ 8.30 വരെ യുള്ള സമയം ഓരോ കുടുംബവും മാധ്യമങ്ങളിൽ നിന്നകന്ന് ഒരുമിച്ചിരുന്ന് പ്രാർഥിക്കാനും ഭക്ഷണം കഴിക്കാനും സംസാരിക്കാനുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എല്ലാവരും സഹകരിക്കണമെന്നും ഈ സംരംഭം വിജയിപ്പിക്കണമെന്നും അഭ്യർഥിക്കുന്നു.

ഞായറാഴ്ച ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു പുറമെ,



ഈ നോമ്പുകാലത്ത് സാധ്യമായ രീതിയിൽ അനുദിന ദിവ്യബലിയിൽ സംബന്ധിക്കുവാനും കുമ്പസാരിക്കുവാനും കുടുംബയൂണിറ്റുകളി ലെയും ഭവനങ്ങളിലെയും പ്രാർഥനകളിലും കുരിശിന്റെ വഴിയിലും പങ്കെടുക്കുവാൻ നിങ്ങൾ പ്രത്യേക താല്പര്യമെടുക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ കൊല്ലത്തെപ്പോലെതന്നെ ഇക്കൊല്ലവും ‘‘24 മണിക്കൂർ കർത്താവിനുവേണ്ടി” എന്ന പ്രാർഥനാ ശുശ്രൂഷയിൽ പങ്കുചേരു വാൻ മാർപാപ്പ നമ്മെ ക്ഷണിക്കുന്നു. ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ച് പ്രാർഥിക്കുവാനും അനുരഞ്ജന കൂദാശ സ്വീകരിക്കുവാ നുമുള്ള ഒരു അവസരമായിട്ടാണ് ഇതു സംവിധാനം ചെയ്തിരി ക്കുന്നത്. 2018 മാർച്ച് മാസം 9-ാം തീയതി വെള്ളിയാഴ്ചയും 10-ാം തീയതി ശനിയാഴ്ചയും ഓരോ രൂപതയിലും ഒരു ദൈവാലയ മെങ്കിലും സൗകര്യം പോലെ 24 മണിക്കൂർ ഇതിനായി തുറന്നിരിക്കണ മെന്നാണ് മാർപാപ്പ ആവശ്യപ്പെടുന്നത്. നമ്മുടെ അതിരൂപതയിൽ ഭദ്രാ സന ദൈവാലയത്തിനുപുറമെ സൗകര്യമുള്ള എല്ലാ ദൈവാ ലയങ്ങളിലും “24 മണിക്കൂർ കർത്താവിനുവേണ്ടി” എന്ന ശുശ്രൂഷ നടത്തുന്നത് ഉചിതമായിരിക്കും.

തണുത്തുറഞ്ഞുപോയ നമ്മുടെ സ്നേഹത്തെ ഊഷ്മളമാ ക്കുവാനായി മാർപാപ്പ നിർദ്ദേശിക്കുന്ന മറ്റുരണ്ട് പരമ്പരാഗത ഭക്താഭ്യാസങ്ങളാണ് ദാനധർമ്മവും ഉപവാസവും. നമുക്കുള്ളവ യെയും നമ്മെത്തന്നെയും ദൈവത്തിനായും സഹോദരങ്ങൾ ക്കായും സമർപ്പിക്കുന്നതാണ് ദാന ധർമ്മം. നമുക്കുള്ളവയെല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. നമുക്കുവേണ്ടി മാത്രം എല്ലാം കൂട്ടി വയ്ക്കാനല്ല പങ്കുവച്ച് സ്നേഹം വർദ്ധിപ്പി ക്കാനാണ് ദൈവം തന്റെ ദാനങ്ങൾ നമ്മിൽ ചൊരിയുന്നത്. ആവശ്യമുള്ളതുമാത്രമല്ല, അത്യാവശ്യമുള്ളതും യേശുവിനെ അനുകരിച്ച് ജീവൻപോലും മറ്റുള്ളവർക്കായി സമർപ്പിക്കാനുള്ള മനോഭാവമാണ് യേശു തന്റെ ശിഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത്. ദാനധർമ്മം നമ്മെ അത്യാഗ്രഹത്തിൽനിന്നും സ്വതന്ത്രരാക്കുന്നു, നമ്മുടെ അയൽ ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായി ക്കുന്നു. ആദിമ സഭാംഗങ്ങളെ അനുകരിച്ച് ആരും തങ്ങളുടെ

വസ്തുവകകൾ സ്വന്തമാണെന്ന് അവകാശ പ്പെടാതിരിക്കുവാനും എല്ലാം പൊതുവായി കരുതുവാനും ആവശ്യാനു സരണം വീതിച്ചു കൊടുക്കുവാനും ക്രിസ്തു ശിഷ്യന്മാരെ പ്രാപ്ത മാക്കുന്നത് ദാനധർമ്മമെന്ന സുകൃതമാണ് (അപ്പ. പ്ര. 2:44-45; 4:32-33).

ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഈ ദാനധർമ്മം എന്തെന്ന് നാം അനുഭവിച്ചറിയുകയായിരുന്നു. ജാതിമതഭേദമന്യേ ധാരാളംപേർ അവശതയനുഭവിക്കുന്നവരെ സ്വന്തം സഹോദരങ്ങ ളായി കരുതി സഹായിക്കാൻ ഓടിയെത്തുകയുണ്ടായി. അപ്രതീക്ഷിതമായി ഉണ്ടായ ഈ ദുരന്തത്തെ നേരിടുവാനും അതിജീവിക്കുവാനും നമ്മുടെ ഇടവകകൾ കാണിച്ച ഒരുമയെയും ത്യാഗമനോഭാവത്തെയും എത്രതന്നെ പ്രശംസിച്ചാലും മതിയാവു കയില്ല. അതേസമയം തന്നെ അവശതകൾ മുതലെടുക്കാൻ ശ്രമി ക്കാതെ ത്യാഗ മനോഭാവത്തോടുകൂടി നമ്മാലാവുന്നത് ആവശ്യ മുള്ളവർക്കായി സമർപ്പിക്കു വാൻ നാമോരോരുത്തരും എത്രമാത്രം ശ്രമിച്ചു എന്ന ആത്മപരി ശോധന ചെയ്യുന്നതും ഉചിതമായിരിക്കും. "സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം" (അപ്പ.പ്ര. 20:35) എന്നാണല്ലോ തിരു വചനങ്ങൾ നമ്മെ പഠിപ്പിക്കു ന്നത്. ആദിമസഭയിലെ ഭൂരിപക്ഷവും സമ്പന്നരായിരുന്നില്ല; വെറും സാധാരണക്കാരായിരുന്നു. എങ്കിലും കൊടുക്കുവാനുള്ള, ദാനധർമ്മത്തിന്റെ മനോഭാവമുണ്ടായിരുന്നതു കൊണ്ട് "അവരുടെ ഇടയിൽ മുട്ടുപാടുള്ളവർ ആരുമുണ്ടായിരുന്നില്ല" (അപ്പ.പ്ര.4:34). മാർപാപ്പ തന്റെ സന്ദേശത്തിൽ നമ്മെ ഓർമ്മിക്കുന്നതിതാണ്:"നമ്മോടു സഹായം അഭ്യർത്ഥിക്കുന്നവരുടെ യാചന ദൈവത്തിൽനിന്ന് വരുന്നതാണെന്ന് നാം തിരിച്ചറിയണം" സഹോദരരിൽ ദൈവത്തെ കണ്ടുകൊണ്ട് നാം നൽകുന്നതെല്ലാം അതിന്റെ പതിൻമടങ്ങ് അനു ഗ്രഹങ്ങളായി ദൈവം നമുക്കു തരുക തന്നെ ചെയ്യും. കാരണം ദൈവ ത്തെക്കാളും ഉദാരതയുള്ളവരായി ആരുമില്ലല്ലോ.

ഉപവാസമാണ് സ്നേഹത്തെ ജ്വലിപ്പിക്കുവാൻ സഹായി ക്കുന്ന മറ്റൊരു ഭക്താഭ്യാസം. ഉപവാസമെന്നു പറയുമ്പോൾ സാധാരണ നാം മനസ്സിലാക്കുന്നത് ചില പ്രത്യേക അവസരങ്ങളിൽ ഭക്ഷണം വേണ്ടെന്നു വയ്ക്കുന്നതാണ്. ഇത് ഭക്ഷണത്തോടുള്ള നമ്മുടെ അമിതമായ ആസക്തിയെ നിയന്ത്രിക്കാൻ സഹായിക്കുന്നു.



എന്നാൽ ഭക്ഷണത്തോടെന്നതിനെക്കാൾ നമുക്ക് ആസക്തി അനുഭവപ്പെടുന്ന തലങ്ങൾ വേറെയും ധാരാളമുണ്ട്. അധികാര ത്തോടും സ്ഥാനമാനങ്ങ ളോടും സുഖലോലുപതയോടും ഭൗതിക താല്പര്യങ്ങളോടും അമിതമായ ആസക്തി അനുഭവപ്പെടുന്ന വരാണ് നാമെല്ലാം. ഇവ യൊക്കെ നിയന്ത്രിക്കുന്നതാണ് യഥാർത്ഥ ഉപവാസം. ഉപവാസം എന്ന വാക്കിന്റെ അർത്ഥം തന്നെ കൂടെ വസിക്കുക എന്നാണല്ലോ. അമിതമായ ആസക്തികളെല്ലാം ഉപേക്ഷിച്ച് ദൈവത്തിന്റെ കൂടെ വസിക്കുന്ന താണ് ഉപവാസം. ഭൗതിക ആസക്തികൾ കാരണം തണുത്തുറഞ്ഞു പോയ നമ്മുടെ സ്നേഹത്തെ ദൈവവുമായുള്ള സഹവാസത്തിലൂടെ ജ്വലിപ്പി ക്കുന്നതാണ് യഥാർത്ഥ ഉപവാസം. ഉപവസിക്കുവാൻ തയ്യാ റായി മുന്നോട്ടു വരുന്നവരോടു ഏശയ്യാ പ്രവാചകൻവഴി ദൈവം ചോദിക്കുന്ന ചോദ്യവും നല്കുന്ന ഉറപ്പുമിതാണ്: "ദുഷ്ടതയുടെ കെട്ടു കൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനു മായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (ഏശ. 58:6-7) ഇപ്രകാരം ഭക്താഭ്യാസങ്ങളിലൂടെ നോമ്പുകാലം വിശുദ്ധീകരി ക്കാൻ സന്നദ്ധരാകുന്നവർക്ക് ദൈവം നല്കുന്ന ഉറപ്പിതാണ്: "അപ്പോൾ നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും; നീ വേഗം സുഖംപ്രാപിക്കും; നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്വം നിന്റെ പിൻപിലും നിന്നെ സംരക്ഷിക്കും. നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും (ഏശ. 58: 6-9).

അവസാനമായി, മാർപാപ്പ തന്റെ സന്ദേശത്തിൽ ചൂണ്ടി ക്കാണിക്കുന്ന രണ്ട് പ്രതീകങ്ങളുടെ പശ്ചാത്തലത്തിൽ തണു ത്തുറഞ്ഞുപോയ സ്നേഹത്തിന്റെ പ്രതീകമായി മഞ്ഞുകട്ടയിലിരി ക്കുന്ന സാത്താനെ അനുകരിക്കുവാനോ അതോ പീഢാനുഭവങ്ങളി ലൂടെ കടന്ന് ഉത്ഥാനദിവസം ദൈവസ്നേഹമാകുന്ന അഗ്നിയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ലോകത്തിന്റെ പ്രകാശമായിത്തീർന്ന യേശുവിനെ അനുകരിക്കുവാനാണോ നാം ആഗ്രഹിക്കുന്നത്? ഈ

ചോദ്യങ്ങളുടെ ആന്തരാർത്ഥം ഗ്രഹിക്കുവാനും ഉചിതമായ ഉത്തരം നൽകാൻ സഹായിക്കുന്നതുമായിരിക്കട്ടെ നാം സമാരംഭിക്കുന്ന ഭക്താനുഷ്ഠാനങ്ങൾ.

ഫ്രാൻസിസ് മാർപാപ്പയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നോമ്പുകാലം വിശുദ്ധീകരിക്കാനാവശ്യമായ വെളിച്ചവും കൃപയും ദൈവം നിങ്ങൾക്കു സമൃദ്ധമായി നല്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം — † സൂസപാക്യം എം.

14-02-2018 — തിരുവനന്തപുരം മെത്രാപ്പോലീത്ത

***NB: ഈ ഇടയലേഖനം വരുന്ന ഞായറാഴ്ച (2018 ഫെബ്രുവരി മാസം 18-ാം തീയതി) ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.***



## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 003/2018/PL — ***വിജ്ഞാപനം*** — Dated: 21.02.2018

### A യുവജനവർഷം 2018

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കേരള മെത്രാൻ സമിതി 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജന വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. പരിശുദ്ധ മാർപ്പാപ്പ 2018 ഒക്ടോബർ മാസത്തിൽ ലോകത്താകമാനമുള്ള യുവജനങ്ങളെക്കുറിച്ച് ചിന്തിക്കാനായി വിളിച്ചു ചേർക്കുന്ന മെത്രാന്മാരുടെ സിനഡാണ് ഈ പ്രഖ്യാപനത്തിന് ആധാരം. “യുവജനങ്ങൾ വിശ്വാസം വിളി സംബന്ധമായ വിവേചിച്ചറിയൽ” എന്നതാണ് ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്ന വിഷയം. വിശ്വാസ ജീവിതത്തിൽ നിന്ന് വ്യതിചലിച്ചു മുന്നേറുന്ന യുവജനങ്ങളും വിളി തിരിച്ചറിയാൻ തക്ക വിവേചനമില്ലാത്ത യുവജനങ്ങളും പാപ്പായുടെ മുന്നിലെ നൊമ്പരമായി നിൽക്കുന്നു. ഈ പശ്ചാത്തലത്തിൽ അതിരൂപതയുടെ യുവജന ശുശ്രൂഷാ സമിതി ഇക്കൊല്ലത്തെ കർമ്മപരിപാടികൾ ഒരുക്കിയിരിക്കുന്നത്. ‘സഭയോടൊത്ത് സമസ്ത മേഖലയിലേക്കും’ എന്ന സന്ദേശം ഉയർത്തിക്കൊണ്ടാണ്. ഈ ദർശനത്തിൽ പദമൂന്നീ നാം ചെയ്യേണ്ട ചില പ്രധാന കർമ്മപരിപാടികളിൽ നിങ്ങളേവരുടെയും നിസ്സീമമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അതിൽ ഏറ്റവും പ്രഥമവും പ്രധാനപ്പെട്ടതും യുവജന സർവ്വെയാണ്. ഈ യുവജന സർവ്വെയിലൂടെ മാത്രമെ നമ്മുടെ യുവജനങ്ങളുടെ അവസ്ഥ മനസ്സിലാക്കാൻ കഴിയൂ. സമയബന്ധിതമായി ഇത് നിർവ്വഹിക്കാൻ എല്ലാ വികാരിയച്ചന്മാരും കൗൺസിൽ അംഗങ്ങളും പ്രത്യേകം ശ്രദ്ധപതിപ്പിക്കുമല്ലോ. ഇതോടൊപ്പം

തന്നെ അതിരൂപത കേന്ദ്രീകരിച്ച് നാം ഒരു തൊഴിൽ - വിദ്യാഭ്യാസ ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കും. ഇവ രണ്ടുമാകുമ്പോൾ നമ്മുടെ യുവജനങ്ങളെ സമൂഹത്തിന്റെ സമസ്ത മേഖലകളിലേക്കും കൈപിടിച്ച് കടത്തിവിടാൻ നമുക്ക് സാധിക്കും. നമ്മുടെ അതിരൂപതയിലെ എല്ലാ യുവജനങ്ങളെയും കുറിച്ചുള്ള സമഗ്രമായ ഈ അറിവിൽ നിന്നുകൊണ്ട് നാം ഒരു യുവജന സിനഡ് യുവജന വർഷത്തിന്റെ അവസാനം വിളിച്ചു ചേർക്കും. അതിൽ വച്ച് അടുത്ത 10 വർഷത്തേക്കുള്ള ഒരു ദീർഘകാല പദ്ധതി നാം ആവിഷ്കരിക്കും. ഇതോടൊപ്പം തന്നെ നാം നടത്തുന്ന ലാമ്പ് (LAMP) എന്ന സർട്ടിഫിക്കറ്റ് കോഴ്സിലേക്കും മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവത്ക്കരണ പരിപാടികളിലേക്കും മറ്റു ശുശ്രൂഷ സമിതികളുമായി ചേർന്ന് നടത്തുന്ന വിവിധ കർമ്മ പരിപാടികളിലേക്കും നിങ്ങളേവരുടേയും സഹകരണം അത്യന്താപേക്ഷിതമാണ്.

അതിരൂപത വളരെ പ്രത്യേകമാംവിധം യുവജനങ്ങളെ മനസ്സിലാക്കി, അനുധാവനം ചെയ്ത് പ്രോത്സാഹിപ്പിക്കേണ്ട ഒരു വർഷമാണിത്. അവർക്കുവേണ്ടി പ്രാർത്ഥിക്കണം; അവരും നിരന്തരം പ്രാർത്ഥിക്കണം. ഈ വർഷം മുഴുവൻ അനുദിന ദിവ്യബലിയിൽ ചൊല്ലേണ്ട പ്രാർത്ഥനാ കാർഡും ദിവസേന എല്ലാ യുവജനങ്ങളും മൂന്ന് പ്രാവശ്യം ചൊല്ലി പ്രാർത്ഥിക്കേണ്ട പ്രാർത്ഥനാ കാർഡും അൽത്താരയിൽ പ്രദർശിപ്പിക്കേണ്ട എംബ്ലവുമൊക്കെ ഈ വർഷത്തെ കൂടുതൽ ധന്യമാക്കും. നമ്മുടെ സഹായ മെത്രാൻ കഴിഞ്ഞ 10 -ാം തീയതി ഔപചാരികമായി ഉദ്ഘാടനം ചെയ്ത യുവജന വർഷാചരണത്തിന്റെ ഇടവകതല പ്രവർത്തന ഉദ്ഘാടനം 2018 മാർച്ച് 4 ന് ഞായറാഴ്ച ദിവ്യബലിയോടുകൂടി തുടക്കം കുറിക്കേണ്ടതാണ്.

### വിജ്ഞാപനം B

### പ്രേഷിത കുരിശിന്റെ പ്രയാണം: ഫെറോന - ഇടവകതലത്തിൽ

കേരള ലത്തീൻ സഭ 2017 ഒക്ടോബർ 6, 7, 8 തീയതികളിൽ വരാപ്പുഴ അതിരൂപതയിലെ വല്ലാർപാടം വീണ്ടെടുപ്പ് മാതാവിന്റെ ബസിലിക്ക കേന്ദ്രമായി സംഘടിപ്പിച്ച മിഷൻ കോൺഗ്ര



സും ബി.സി.സി. കൺവെൻഷനും വലിയൊരു വിജയവും അവിസ്മരണീയമായ ഒരനുഭവമാക്കിത്തീർക്കുന്നതിൽ സഹകരിച്ച എല്ലാ വൈദികരേയും സന്യസ്തരേയും അല്മായ നേതൃത്വത്തെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. പ്രസ്തുത കൺവെൻഷനിൽ ചർച്ച ചെയ്യപ്പെട്ട ആശയങ്ങളും അവിടെ എടുത്ത തീരുമാനങ്ങളും സഭാമക്കളുമായി പങ്കുവയ്ക്കുകയും അവ പ്രായോഗികമാക്കി സഭാശുശ്രൂഷകളെ ശക്തമാക്കി അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ പ്രകാശിതമാക്കി, അങ്ങനെ പ്രകാശിതമാകുന്ന ബി.സി.സി. പ്രവർത്തനങ്ങളിലൂടെ ഇടവകകളെ ശക്തമാക്കുകയും ചെയ്യുകയെന്നതാണ് പ്രസ്തുത പരിപാടിയിലൂടെ പ്രധാനമായും ലക്ഷ്യം വച്ചിട്ടുള്ളത്. ഈ ദൗത്യസാക്ഷാത്കാരത്തിനുവേണ്ടിയാണ് കൺവെൻഷന്റെ തുടർനടപടിയായി പ്രേഷിത കുരിശിന്റെ പ്രയാണവും അനുബന്ധ പ്രവർത്തനങ്ങളും ആസൂത്രണംചെയ്തിട്ടുള്ളത്. ഈ പ്രവർത്തനത്തിൽ എല്ലാ വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും ആത്മാർത്ഥമായ സഹകരണവും കൂട്ടായ്മ പ്രവർത്തനവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രേഷിത കുരിശിന്റെ പ്രയാണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം 24.02.2018 ൽ അതിരൂപതാതലത്തിൽ നടന്ന ബി.സി.സി. ഇടവക കോ-ഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും യോഗമദ്ധ്യേ നിർവ്വഹിക്കുകയുണ്ടായി.

പ്രേഷിത കുരിശിന്റെ പ്രയാണത്തോടനുബന്ധിച്ച് അത് എത്തിച്ചേരുന്ന ഓരോ ഇടവകയിലും മിഷൻ കോൺഗ്രസിലും ബി.സി.സി. കൺവെൻഷനിലും ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ ഇടവക സമൂഹത്തിന് മുമ്പാകെ അവതരിപ്പിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യേണ്ടതാണ്. ബി.സി.സി. ഭാരവാഹികൾ, ശുശ്രൂഷാ പ്രതിനിധികൾ, പാരിഷ്കൗൺസിൽ അംഗങ്ങൾ, ഭക്തസംഘടനാ പ്രതിനിധികൾ, മതബോധന അദ്ധ്യാപകർ, യുവജനങ്ങൾ, പുരോഹിതർ, സന്യസ്തർ തുടങ്ങി എല്ലാവരും സജീവമായി ഇതിൽ പങ്കുചേരേണ്ടതാണ്. ശുശ്രൂഷാ സമിതികളെ ശക്തമാക്കി എങ്ങനെ ബി.സി.സി.കളെ ശക്തമാക്കാമെന്നും അത്തരത്തിൽ ശക്തമാക്കപ്പെടുന്ന ബി.സി.സി.കളിലൂടെ എങ്ങനെ ഇടവക പ്രവർത്തനങ്ങളെ

നവീകരിക്കാമെന്നുമുള്ളതായിരിക്കണം ചർച്ച ചെയ്യപ്പെടേണ്ട ഒരുവിഷയം.

പ്രേഷിതദൗത്യത്തിന്റെ വിവിധ മാനദണ്ഡങ്ങളും തലങ്ങളും അതിൽ അല്മായ പ്രേഷിതപ്രവർത്തനത്തിന്റെ പ്രസക്തിയും സാധ്യതകളുമായിരിക്കണം ചർച്ചയ്ക്കുവിധേയമാക്കേണ്ട മറ്റൊരുവിഷയം. ഇതോടൊപ്പംതന്നെ കൺവെൻഷന്റെ ഭാഗമായി തയ്യാറാക്കി അംഗീകരിച്ച ദശവത്സരപദ്ധതി ദർശനരേഖയും ചർച്ചക്കുവിധേയമാക്കേണ്ടതാണ്. ഇതിൽനിന്ന് ലഭ്യാമാകുന്ന ഉൾക്കാഴ്ചയായിരിക്കണം അടുത്തുവരുന്ന 10 വർഷകാലയളവിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് ആധാരമാകേണ്ടത്. പ്രേഷിത കുരിശിന്റെ പ്രയാണം വിജയപ്രദമാക്കുവാൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കുമല്ലോ. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതിനോടൊപ്പം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പരിപൂർണ്ണമായി പാലിക്കപ്പെടാൻ ഫൊറോനാ വികാരിമാരുടെ നേതൃത്വത്തിൽ എല്ലാ ഇടവക വികാരിമാരും ഇടവക കൗൺസിൽ അംഗങ്ങളും ഫൊറോനാ - ഇടവക തല കോർ ടീം അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## പ്രേഷിത കുരിശിന്റെ പ്രയാണം - പൊതു നിർദ്ദേശങ്ങൾ

ഫൊറോനാതലത്തിൽ ഇടവക കേന്ദ്രീകരിച്ച് ബി.സി.സി. യൂണിറ്റു ഭാരവാഹികൾ, ശുശ്രൂഷാ സമിതി അംഗങ്ങൾ, ഇടവക കൗൺസിൽ, ധനകാര്യസമിതി എന്നീ പങ്കാളിത്ത സംവിധാനങ്ങളുടെ സഹകരണത്തോടുകൂടിയാണ് പ്രേഷിത കുരിശിന്റെ പ്രയാണം നടത്തപ്പെടേണ്ടത്. ആർഭാടം പരമാവധി കുറച്ചുകൊണ്ട് അർത്ഥപൂർണ്ണമായും പരമാവധി ഇടവക ജനങ്ങളുടെ പങ്കാളിത്തത്തോടും കൂടിയാണ് ഈ പരിപാടി ക്രമീകരിക്കേണ്ടത്. അതിരൂപതയുടെ നിർദ്ദേശാനുസരണം ഫൊറോനാ സമിതിയുടെ സഹകരണത്തോടെ ഓരോ ഇടവകയ്ക്കും നിർദ്ദേശിക്കപ്പെട്ട ദിവസം പ്രേഷിത കുരിശ് ഇടവകയിൽ എത്തുമ്പോൾ പ്രേഷിതകുരിശിന്റെ പ്രയാണം ഹൃദ്യമായ അനുഭവവും അർത്ഥപൂർണ്ണവുമാക്കിത്തീർക്കുവാൻ സഹായിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെചേർക്കുന്നു.

1. ഇടവകയിലെത്തുമ്പോൾ കുരിശ് സ്വീകരിച്ച്ദൈവാലയത്തിൽ ആദരവോടെ പ്രതിഷ്ഠിക്കുക. ഇരുവശങ്ങളിലും തിരികളും പുഷ്പവും വയ്ക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്യാവുന്നതാണ്.



2. പ്രേഷിത കുരിശ് ഇടവകയിൽ എത്തുമ്പോൾ ഇടവകയിൽ നേതൃസ്ഥാനം വഹിക്കുന്നവരും പങ്കാളിത്ത ശുശ്രൂഷകൾ നിർവഹിക്കുന്നവരുമായ എല്ലാവരും മിഷൻ ക്രോസിനു ചുറ്റും ഒരുമിച്ച്കൂടുക. കുരിശു കേന്ദ്രീകൃതമായൊരു പ്രാർത്ഥനാശുശ്രൂഷ നടത്തുക. തുടർന്ന് ഇടവകയിൽനിന്ന് മിഷൻ കോൺഗ്രസ്സിൽ സംബന്ധിച്ചവർ ലഘുവായി അവരുടെ അനുഭവങ്ങളും പഠനങ്ങളും പങ്കുവയ്ക്കുക.

3. പ്രതീകങ്ങൾ വിശദീകരിക്കൽ: മിഷൻ ക്രോസ് സന്ദർശന സമയത്ത് പ്രസ്തുത കുരിശിന്റെ സൂചനകളും പ്രതീകങ്ങളും ബഹു. വികാരിയോ മറ്റ് യോഗ്യരായ ആരെങ്കിലുമോ സമൂഹത്തിന് വിശദീകരിച്ചു നൽകുന്നു.

†

4. ബി.സി.സി. സന്ദർശനം - ഇടവകയിലെത്തുന്ന കുരിശ് ഒരു നിശ്ചിതസമയത്തിനകം എല്ലാ ബി.സി.സി.കളിലും പ്രയാണം ചെയ്യുന്നവിധം വലിയ ഇടവകകളിൽ വാർഡുതലത്തിൽ ഇത് ക്രമീകരിക്കാവുന്നതാണ്. അപ്രകാരം എത്തുമ്പോൾ ബി.സി.സി. ഭാരവാഹികളുടെയും 6 ശുശ്രൂഷാ പ്രതിനിധികളുടെയും നേതൃത്വത്തിൽ സ്വീകരിക്കുകയും ബി.സി.സി.കളിൽ കുരിശു സംബന്ധിയായ വിശദീകരണങ്ങളും മിഷൻ വിചിന്തനങ്ങളും പങ്കുവയ്ക്കുകയുംചെയ്യാം.

5. ഫൊറോനാതല സമയക്രമത്തിന്റെ പശ്ചാത്തലത്തിൽ ഫൊറോന വികാരി, ഫൊറോന സെക്രട്ടറി, ഫൊറോന ബി.സി.സി. കോ-ഓർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനാ കോർ ടീം രൂപീകരിച്ച് ഫൊറോനയിലെ ഇടവകകളിലേക്കുള്ള പ്രേഷിത കുരിശിന്റെ സമയക്രമം രൂപീകരിച്ച് ഇടവകകളെ മുൻകൂട്ടി അറിയിക്കുക.

6. ഫൊറോനാ കോർ ടീമിന്റെ നേതൃത്വത്തിൽ ഓരോ ഇടവകയിലും കോർ ടീം രൂപീകരിച്ച് ഇടവകതലത്തിൽ പ്രേഷിത കുരിശിന്റെ പ്രയാണം സമുചിതമായി സംഘടിപ്പിക്കുവാൻ വേണ്ട പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകുക.

7. ഫൊറോന കോർ ടീമിന്റെയും അതിരൂപതാ ടീമിന്റെയും നേതൃത്വത്തിൽ ഫൊറോനാതലത്തിൽ പ്രേഷിത കുരിശിന് സമുചിതമായ സ്വീകരണവും യാത്ര അയപ്പും നൽകുക.

8. ഓരോ ഇടവകയിലും പ്രേഷിത കുരിശ്എത്തിക്കുവാനുള്ള വാഹന സൗകര്യവും മറ്റ് ക്രമീകരണങ്ങളും അതാത് ഇടവക തന്നെ നിർവ്വഹിക്കുക.

## പ്രേഷിത കുരിശിന്റെ പ്രയാണം
### ഫൊറോനാതല സമയക്രമീകരണം

| Sl.N o. | Forane | Date |
|---|---|---|
| 1. | Anjengo Forane | March 3 – March 13 |
| 2. | Puthukurichy Forane | March 14 – 24 |
| 3. | Valiathura Forane | April 2 – 13 |
| 4. | Kovalam Forane | April 14 – 22 |
| 5. | Pulluvila Forane | April 23 – May 9 |
| 6. | Thoothoor Forane | May 10 – 19 |
| 7. | Kazhakuttom Forane | May 20 – 30 |
| 8. | Pettah Forane | May 31 – June 9 |
| 9. | Palayam Forane | June 10 – 30 |

നമ്മുടെ അതിരൂപതയിൽനിന്നും വല്ലാർപാടത്തുവച്ചു നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷനിൽ പങ്കെടുത്ത പ്രതിനിധികളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് പ്രേഷിത കുരിശിന്റെ പ്രയാണം അതിരൂപതാ ബി.സി.സി. കൺവെൻഷനോടുകൂടി പര്യാവസാനിക്കുന്നതായിരിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!
സ്നേഹത്തോടെ

വെള്ളയമ്പലം — † **സൂസപാക്യം എം.**
21.02.2018 — തിരുവനന്തപുരം മെത്രാപ്പോലീത്ത

**NB:** *ഈ രണ്ട് വിജ്ഞാപനങ്ങളും 2018 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച അറിയിക്കേണ്ടതാണ്*





# MARCH 2018

## A. BIRTHDAY & FEAST DAY OF OUR ARCHBISHOP

11th March is the Birthday and 19th March is the Feast day of His Grace our Archbishop Most Rev. Dr. Soosa Pakiam M. Reverend Parish Priests are requested to kindly add special intention for the Archbishop in the prayer of the faithful during Holy Eucharist and to exhort the faithful to offer their family prayers for our Archbishop during these days in a special way.

## B. APPOINTMENTS & RELIEVING ORDERS

1. Rev.Fr. Johny Das OCD, appointed as the Priest in-charge of Chowara and Mulloor, with effect from 14th February 2018.
2. Rev. Fr. Jobins Veluthedathuparambil M.S – appointed as Assistant Parish Priest of St. Ignatius Church, with effect from 15th February 2018.
3. Very Rev. Fr. Andrew Kosmos appointed as the Correspondent of St. Aloysius Higher Secondary school and St. Aloysius Primary School, Marthandanthurai, with effect from 19th February 2018.
4. Rev. Fr. Francis Sales OCD - relieved from the office the Priest-in-Charge of Chowara & Mulloor. with effect from 14th February 2018.
5. Rev. Fr. Anit Mavathara M.S – relieved from the office as Assistant Parish Priest of St. Ignatius Church, Puthenthope, with effect from 15th February 2018.
6. Rev. Fr. L .Xavier, CMF - relieved from the office the Correspondent of St. Aloysius Higher Secondary school and St. Aloysius Primary School, Marthandanthurai, with effect from 19th February 2018.

## C. BIRTHDAYS

| | |
|---|---|
| 1. Rev. Fr. Thadayoose Philip | 03.03.1975 |
| 2. Rev. Fr. M. Devadoss, S.J. | 03.03.1946 |
| 3. Rev Fr. Anto Joris | 10.03.1970 |
| 4. H.G. Archbishop Soosa Pakiam M. | 11.03.1946 |
| 5. Very Rev. Fr. Joseph Bastin | 13.03.1966 |
| 6. Rev. Dr. Charles Leon | 15.03.1961 |
| 7. Rev. Fr. Muthappan Appoli | 16.03.1980 |
| 8. Rev. Fr. Tony Hamlet | 21.03.1976 |
| 9. Very Rev. Msgr. Wilfred E. | 22.03.1960 |
| 10. Rev. Fr. Tuby Kunnath CMF | 24.03.1986 |
| 11. Rev. Fr. John Bosco J | 25.03.1972 |
| 12. Rev. Fr. Xavier Kuttappassery, IVDei | 27.03.1989 |
| 13. Rev. Fr. Paul Sunny | 28.03.1978 |
| 14. Rev.Fr. Joseph Anooj Panckal OSJ | 31.03.1982 |

## D. ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Anish Fernandez | 03.03.2005 |
| 2. Rev. Fr. Joseph R.D'Silva | 11.03.1967 |
| 3. Very Rev.Fr.Bernardine M.Louis.OCD | 14.03.1965 |
| 4. Rev. Fr. Sebastian C. Pereira | 15.03.1952 |
| 5. Rev. Fr. Antony Sylvester | 15.03.1978 |
| 6. Rev. Fr. Maria Dominic Z | 15.03.1978 |
| 7. Rev. Dr. Elias D | 16.03.1963 |
| 8. Rev. Fr. Joseph Maria B.D. | 17.03.1962 |
| 9. Rev. Fr. Francis D'Silva | 18.03.1955 |
| 10. Rev. Fr. Johny Puthenveettil IV Dei | 27.03.2008 |
| 11. Rev. Fr. Victor J. Everystus IV Dei | 27.03.2008 |
| 12. Rev. Fr. Xavier Kuttappassery, IVDei | 30.03.2016 |
| 13. Rev. Fr. Ashlin Jose | 31.03.2008 |
| 14. Rev. Fr. Cleetus Vincent | 31.03.2005 |



| | |
|---|---|
| 15. Rev. Fr. Joseph Prasad G | 31.03.2005 |
| 16. Rev. Fr. Lenin Fernandez | 31.03.2005 |
| 17. Rev. Fr. Pratheeb Joseph | 31.03.2005 |
| 18. Rev. Fr. Sanu Ouseph | 31.03.2005 |
| 19. Rev. Fr. Thadayoose Philip | 31.03.2005 |
| 20. Rev. Fr. Cosmas K. Thoppil | 31.03.2008 |
| 21. Rev. Fr. Jose Franklin B | 31.03.2008 |
| 22. Rev. Fr. Joy C. Mathew | 31.03.2008 |
| 23. Rev. Fr. Michael Albino | 31.03.2008 |
| 24. Rev. Fr. Saju Roldon | 31.03.2008 |
| 25. Rev. Fr. Shaji Silva | 31.03.2008 |
| 26. Rev. Fr. Solomon Elias Aresseril | 31.03.2008 |
| 27. Rev. Fr. Thomas R | 31.03.2008 |
| 28. Rev. Fr. Yesudas Remias | 31.03.2008 |
| 29. Rev. Fr. Paul Sunny | 31.03.2008 |
| 30.Rev. Fr. Anto Baiju Y | 31.03.2016 |
| 31. Rev. Fr. Fredy Joy | 31.03.2016 |
| 32. Rev. Fr. Niju Ajith | 31.03.2016 |
| 33. Rev. Fr. Nishan N | 31.03.2016 |
| 34. Rev. Fr. Saneesh S.M | 31.03.2016 |
| 35. Rev. Fr. Thadeus Arulappan | 31.03.2016 |

## E. DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Solomon D' Silva | 01.03.1958 |
| 2. Rev. Fr. Joseph Chiramel | 03.03.1968 |
| 3. Rev. Fr. Dominic V.S. | 07.03.1953 |
| 4. Rev. Fr. S. S. Netto | 09.03.1966 |
| 5. Rev. Fr. Xavier Alexander | 16.03.2014 |
| 6. Rev. Fr. Michael Albino | 16.03.2015 |
| 7. Rev. Fr. Joseph Pereira | 28.03.1959 |
| 8. Rev. Fr. Martin Fernandez | 25.03.1993 |
| 9. Rev. Fr. John Pereira | 12.03.1942 |

## F. PERPETUAL DAY ADORATION

| | |
|---|---|
| 1. St. Bartholomew's Church, Poovar | 06.03.2018 |
| 2. Holy Cross Sisters, Thycaud | 22.03.2018 |
| 3. St. Peter's Church, Anjengo | 25.03.2018 |

## G. VESTITION

**(21.03.2018 – 3.30pm – At St. Theresa of Lisieux Church, Vellayambalam)**

1. Bro.Abin Stanley from the parish of Little Flower, Nettayam
2. Bro.Ignatius from the parish of St. Nicholas, Puthiyathura
3. Bro.Robin from the parish of St. Peter's Forane, Angengo
4. Bro.Pramod from the parish of St.Antony's, Valiyathura
5. Bro.San John from the parish of Our Lady of Dolour's Church, Marthandamthurai
6. Bro.Vineeth from the parish of St. Jacob's Forane,Pulluvila
7. Bro.Mithun Paul from the parish of St. Augustine's, Murukkumpuzha
8. Bro.Nithesh from the parish of St. Nicholas, Neerody

Our hearty congratulations to all of the Brothers

## H. ORDINATION TO PRIESTHOOD
**(04.04.2018 – 3.30PM - AT. ST. JOSEPH'S METROPOLITAN CATHEDRAL, PALAYAM)**

1. Deacon Rojan S Robert from the Parish of Our Lady of Lourdes, Lourdupuram completed Theology at St.Joseph's Pontifical Seminary, Carmelgiri, Aluva.



2. Deacon Rajeesh V. Rajan from the Parish of Holy Cross, Muttada, completed Theology at St.Joseph's Pontifical Seminary, Carmelgiri, Aluva.
3. Deacon John Bosco (belongs to Claretian Congregation) from the parish of Holy Spirit, Mampally

Our hearty congratulations and prayerful wishes to priestly ministry.

## I. DECREES

### THE BYELAW FOR THE PRIESTS' WELFARE FUND (PWF)
### LATIN ARCHDIOCESE OF TRIVANDRUM

**Introduction**

1. The welfare of priests has always been one of the primary concerns of the Church since they are principal collaborators in Church's mission. Bishops regard Priests as sons and friends, because of that they listen to them in an atmosphere of mutual trust, thus facilitating the pastoral work of the Diocese (cf. *Christus Dominus* 16). "On account of the common sharing in the same priesthood and ministry, Bishops take the greatest possible interest in Priests' welfare, both temporal and spiritual (*Presbyterorum Ordinis* 7). This same concern has been excellently reflected in juridical terms in *CIC* Canon 281, which says, "Since clerics dedicate themselves to the ecclesiastical ministry, they deserve the

remuneration that befits their conditions taking into account both the nature of their office and the conditions of time and place. It is to be such that it provides for the necessities of their life and for the just remuneration of those whose service they need. Suitable provision is likewise to be made for such social welfare as they may need in infirmity, sickness or old age". The Latin Archdiocese of Trivandrum having in mind the desire and concern of the Church in this matter has instituted a Priests' Welfare Fund (=PWF) whose byelaws are given below.

**ARTICLE I NAME**

2. The name of this fund shall be "Priests' Welfare Fund", Archdiocese of Trivandrum hereinafter referred to as PWF.

**ARTICLE II OBJECTIVES**

The main objectives of the PWF are:

3. To bring together the entire clergy of the Archdiocese of Trivandrum under the leadership of the Archbishop to collectively discuss and weigh the means of support the clergy gets for their life and ministry.
4. To lend a helping hand to those priests whose life and ministry to a great extent are impeded by acute financial crisis and economic constraints.
5. To render financial assistance to those priests who, with due permission from the Archbishop, under-take secular or religious studies, either privately or as regular students.



6. To sanction genuine requests for loan up to a maximum of Rs. 50,000/- to any priest who will agree to abide by the terms and conditions of repayments.
7. To support financially the sick priests by reimbursing their medical bills, hospital services and, in rare cases, meeting the expenses of by-standers and contingency support systems and in rare cases by advancing a reasonable amount of money for treatment purposes.
8. To be actively involved in the periodical assessment of the functioning of the Priest Home, and if needed, to suggest to the Archbishop the means and ways of improving the facilities and services available in the Priests Home.
9. To inform in the event of the death of a priest all the priests of the Archdiocese and to coordinate the funeral services with the relatives and parishioners of the deceased priest.

**ARTICLE III MEMBERSHIP**

10. All the Priests incardinated in this Archdiocese shall be the members of PWF.

11. Those Priests both Religious and Secular, who are engaged in active parish ministry in this archdiocese, are also entitled to get the benefit of PWF by getting reimbursed 50% of their medical bills and hospital expenses in accordance with the agreement they have reached with the archdiocese.

**ARTICLE IV ASSETS OF THE FUND**

The assets of PWF are accumulated as follows:

12. The existing assets of the PWF as per balance sheet.

13. Monthly subscription by offering Rs. 200/- towards PWF.
14. Annual share from the "Opus Securitatis".
15. Contribution from those archdiocesan priests (70% from the salary) who, besides the pastoral assignments, have taken up other secular jobs or pastoral assignments with the permission of the Archbishop which fetch them monthly salary or remuneration.
16. Bequests and donations from members or from any person or corporate bodies.
17. Annual collection made in every parish on Good Shepherd Sunday.
18. Loans taken by the PWF; and the refund of the loans taken
19. Binations of the masses celebrated by the members of PWF
20. Properties, both movable and immovable, acquired in favour of the PWF.

## ARTICLE V MANAGEMENT COMMITTEE

21. This PWF shall be administered by a Managing Committee consisting of the following ten members;
    a. Nine priests, one each elected from each forane; only the members of PWF residing within the territory of the archdiocese may be elected to the PWF Committees.
    b. The Secretary, Commission for Clergy and Religious
    c. The Archdiocesan Procurator
    d. The Director, Jubilee Hospital
22. The Committee shall carry on the ordinary affairs of PWF. It shall meet once in three months, and as often as business



demands it, or when three members of the Committee ask for it.
23. It shall be the exclusive competence of the Managing Committee to decide on loan applications from its members.
24. It shall arrange for a report on the working of PWF during the year to be presented to the general body i.e. the Presbyterium in the annual meeting.
25. If an elected member of the Committee fails to attend three consecutive ordinary Committee meetings without notifying sufficient reason, ipso facto, he ceases to be a member of the Committee and, in such a case, the Committee may co-opt a new member from the elected list with effect till the next general body meeting.
26. The quorum for a meeting of the Managing Committee shall be four.
27. The term of the Managing Committee except for the Treasurer shall be three years.

## ARTICLE VI EXECUTIVE COMMITTEE

a. The Executive Committee of the PWF shall consist of six persons viz., the President, Vice-President, Secretary, (these 3 are elected by the Management Committee in their first meeting from the elected members), Treasurer (Archdiocesan Procurator), Secretary of the Commission for Clergy and Religious and The Director of Jubilee Hospital.

28. The Members of the Executive Committee except the Treasurer shall continue in office for a term of three years.

No one shall be in the same office consecutively for more than two terms.

29. It shall be the duty of the Executive Committee to meet once a month to evaluate the general functioning of the PWF and to approve the medical bills and other expenses connected with the treatment or hospitalization of its members.

30. Prior sanction from the Executive Committee is required for any member to have prolonged treatment in any Hospital, Nursing Home or Health Centre, either Ayurvedic or Allopathy, except in the case of Jubilee Hospital.

31. It shall be the duty of the Executive Committee to periodically brief the Patron (Archbishop) on the functioning of the PWF and if the Fund runs short of resource, to bring this to the notice of the Patron.

## ARTICLE VII OFFICE AND OFFICE BEARERS

32. The PWF shall have its office in the Archbishop's House, Vellayambalam.

33. The PWF shall have a President, Vice-President, Secretary to be elected from and by the Managing Committee and a Treasurer, who by office is the archdiocesan Procurator.

**President**

34. The President of the board shall preside over the meetings of the Committee and the General Body of PWF. He shall direct and guide the working of the PWF along efficient lines.



**Vice-President**

35. The Vice-President shall take the place of the President in the absence of the latter fopr the effective functioning of the PWF.

**Secretary**

36. It shall be the duty of the Secretary to convene meetings of the Committee and the General Body of PWF and to maintain a record of their minutes and submit them to the approval of the respective bodies

37. The Secretary shall carry out the resolutions of the Committee and of the General Body Meetings under the directions of the President.

38. The Secretary shall prepare the report incorporating the audited statements of the Archdiocesan Finance Officer and present it to the General Body Meeting.

39. The Secretary shall arrange for the disposal of the applications for financial assistance, reimbursement, or loans within the shortest possible time.

40. It is the duty of the Secretary to notify the members the death of a member and of their obligation to offer a Mass each.

41. The Secretary is responsible for all records of the working of the PWF. He is to maintain separate report books for the Managing Committee and the Executive Committee.

**Treasurer**

42. It is the duty of the Treasurer, the archdiocesan procurator to receive subscriptions, contributions and donations on behalf of the PWF and issue receipts for the same.

43. The Treasurer shall make available to the Secretary the records of receipts and payments to present them to the archdiocesan auditors and finally to the General Body Meeting.

44. The Treasurer is responsible for the safekeeping and proper investment of the assets of the PWF under the supervision of the Patron.

**ARTICLE VIII ACCOUNTS**

45. The finance of the PWF shall be deposited in a scheduled bank in a joint account of the Patron, President and Treasurer of the PWF and shall be jointly operated by the Patron and the President or the Treasurer.

**ARTICLE IX GENERAL BODY MEETING**

46. The General Body meeting of the PWF consists all the members of the Fund. It shall be held annually in the month of March/ April by taking a session in the Presbyterium; or convening a special meeting for which the notice and agenda shall be sent to the members at least one week before the meeting.

47. A report and account of the working of the PWF during the year shall be presented to the General Body meeting.

**ARTICLE X CESSATION OF OFFICE**

48. Any member may terminate his membership or office by resignation given in writing, showing the reasons, and accepted by the Patron. The Office bearers and the Committees of PWF lose their office by completion of their term, i.e., after 3 years (except the procurator).



49. If it is found that any member of the PWF Managing Committee is failing in the discharge of his functions, and or misusing his office any member may bring this to the notice of the President or the Secretary. Any four members may request the President or Secretary to convene an extra-ordinary meeting of the Managing Committee within a week to discuss the matter. If the request is not complied with, any four members may bring the matter to the notice of the Patron and with his consent convene a Managing Committee meeting with notice of ten days and the Managing Committee shall take such steps as it deems fit including the removal of any of the office bearers with the consent of the Patron.

**ARTICLE XI AMENDMENTS AND INTERPRETATIONS**

50. It belongs to the exclusive competence of the Archbishop to modify the Articles of the Byelaw on his own initiative or at the request of 2/3 members of the General Body to the Patron and to give authentic interpretation to the same.

This byelaw comes to effect from 01 March 2018; Given at Vellayambalam on 16 February 2018.

| | |
|---|---|
| Rev. Dr. Edison Y.M. | † Most Rev. Dr. Soosa Pakiam |
| Chancellor | Archbishop of Trivandrum |

## Metropolitan Tribunal News
## February – 2018

Number of Cases at the beginning of 2018 February - 213
Received Cases in the Month of February - 012

Total = 225
Decreed Cases - 02

Balance Cases = 225-2 = 223

**Decreed Cases - 02**

1. Case No: MTLAT/07/2012 between Diljith Dominic Vs Shyni Mol M.V
2. Case No: MTLAT/38/2016 between Kevin Marcos Fernandez Vs Dhanya Clement

**Fr. Gladin Alex**
Judicial Vicar





# ബിസിസി ഫെറോനകളിൽ

## പുതുക്കുറിച്ചി ഫെറോന

ഫെബ്രുവരി മാസത്തെ ജനറൽ ബോഡി യോഗം 11-ാം തീയതി തുമ്പയിൽ വച്ച് ബഹുമാനപ്പെട്ട ആഷ്‌ലിൻ ജോസച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഇതിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ 5-ാം തീയതി നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ തീരുമാനിക്കുകയും പുതിയ ഫെറോനയിലേയ്ക്ക് മാറിപ്പോയ ഫെറോന ബിസിസി സെക്രട്ടറി ശ്രീ. ഫെഡ്രറിക് പെരേരയെ ജനറൽബോഡിയിൽ വിളിച്ച് ഇത്രയും നാൾ ചെയ്ത സേവനങ്ങൾക്ക് നന്ദി പറയുവാൻ തീരുമാനിച്ചു. തുമ്പ കോഡിനേറ്റർ എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഫെറോന സംഗമത്തിന്റെ കണക്കവതരണം നടന്നു. മാറിപ്പോയ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് പകരമായി ശ്രീ. ബെയ്സിൽ (പുത്തൻതോപ്പ്) ശ്രീമതി ബ്ലെയ്സി (വെട്ടുതുറ) എന്നിവരെ തിരഞ്ഞെടുത്തു. സെക്രട്ടറിയെ അടുത്ത യോഗത്തിൽ തിരഞ്ഞെടുക്കും. മാർച്ച് മാസം നടക്കുന്ന ജനറൽ ബോഡിയിൽ വല്ലാർപാടത്ത് ബിസിസി സംഗമം -മിഷൻ കോൺഗ്രസ്സിൽ സംബന്ധിച്ചവരെ വിളിക്കുവാനും ഏപ്രിലിൽ റിസോഴ്സ് ടീമിന് പരിശീലനം നൽകുവാനും തീരുമാനിച്ചു.

പുതുക്കുറിച്ചി, ശാന്തിപുരം, വെട്ടുതുറ, പുത്തൻതോപ്പ്, സെന്റ് ആൻഡ്രൂസ്, തുമ്പ, കൊച്ചുതുറ, പള്ളിത്തുറ, ഫാത്തിമാപുരം എന്നീ ഇടവകകളിലെ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. ജനുവരി മാസം സെന്റ് ഡൊമിനിക് പുത്തൻതോപ്പ് എന്നീ ഇടവകയിൽ ഹോം മിഷൻ നടന്നു. ഇപ്പോൾ ഫെറോനയിലെ 6 ഇടവകകളിൽ ഹോം മിഷൻ നടന്നു. യോഗത്തിൽ മര്യനാട്, സെന്റ് ഡൊമിനിക് എന്നീ ഇടവകളിൽ നിന്ന് പ്രാതിനിധ്യം ഉണ്ടായിരുന്നില്ല.

ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ 'ഓഖി' ബാധിച്ച തുമ്പ, ഫാത്തിമപുരം ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. അവ

രുടെ വേദനയിൽ പങ്കുചേർന്ന് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

18-ാം തിയതി നടക്കുന്ന അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്കുള്ള പ്ലാൻ & ബഡ്ജറ്റ് പരിശീലന ക്ലാസ്സിന് ഒരുക്കമുള്ള പ്രാർത്ഥനാശുശ്രൂഷ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ഓരോ ഇടവകയെയും ഏൽപ്പിക്കുകയും അതിൽ എല്ലാവരുടെയും സാന്നിധ്യം ഉറപ്പാക്കുവാൻ പരിശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. ശ്രീമതി. മേരി ഫ്രീഡയും ആഷ്‌ലിൻ അച്ചനും മാറിപ്പോയ സെക്രട്ടറിക്ക് നന്ദി പറഞ്ഞു. യോഗം 4.30 ന് സമാപിച്ചു.

**ഫാ. ആഷ്‌ലിൻ ജോസ്** — കോഓഡിനേറ്റർ

**സി. ബ്ലെസി ജോസ്** — ആനിമേറ്റർ

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന ബിസിസി കമ്മീഷൻ യോഗം ജനുവരി 13 ന് പള്ളം ഇടവകയിലും, ഫെബ്രുവരി 10 ന് അടിമലത്തുറ ഇടവകയിലും കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. എല്ലാ ഇടവകകളിലും റിസോഴ്സ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകി അവരെ ഫെറോന കമ്മീഷൻ യോഗത്തിൽ പങ്കെടുപ്പിക്കണമെന്ന് അഭിപ്രായമുണ്ടായി.

**ഇടവകതലം**: എല്ലാ ഇടവകകളിലും യൂണിറ്റുയോഗങ്ങൽ നടക്കുന്നു. ലീഡർമാരുടെ യോഗം എല്ലാ ഇടവകകളിലും കൂടുന്നു, സബ് സ്റ്റേഷനുകളിൽ രണ്ടു മാസത്തിലൊരിക്കൽ കൂടുന്നു.

**അടിമലത്തുറ**: ഇടവകയിൽ 59 യൂണിറ്റുകളുണ്ട്. എല്ലാ മാസവും കൂടുന്നു. ലൂർദ്ദുപുരം ഇടവകയിൽ 4 വാർഡ് മാസത്തിലൊരിക്കൽ കൂടുന്നു. കൊല്ലംങ്കോട് ഇടവകയിൽ 58 യൂണിറ്റുകളും എല്ലാ മാസവും കൂടുന്നു. റിസോഴ്സ് ടീം യോഗവും പ്രത്യേകം കൂടുന്നുണ്ട്. പുതിയതുറ ഇടവകയിൽ 77 യൂണിറ്റു നന്നായി പ്രവർത്തിക്കുന്നു. പരുത്തിയൂർ ഇടവകയിൽ 10 വാർഡുകളിലായി 77 യൂണിറ്റുകളും പ്രവർത്തിക്കുന്നു. വല്ലാർപാടം മിഷൻ കോൺഗ്രസിനെകുറിച്ചു യൂണിറ്റുകളിൽ പങ്കുവച്ചു. ഹോം മിഷൻ നടന്നു. പള്ളം ഇടവകയിൽ 8 വാർഡുകളിലായി 22 യൂണിറ്റ് എല്ലാ മാസവും



കൂടുന്നു. ജനറൽ ബോഡി അവസാനത്തെ ഞായറാഴ്ച 3 മണിക്ക് കൂടുന്നു. ഓഖി ദുരന്തത്തോടനുബന്ധിച്ച് ഇടവകയിൽ നിന്നും എല്ലാ കുടുംബത്തിനു 2000 രൂപ വീതം കൊടുത്തു. ശുശ്രൂഷ സമിതി കൂടുന്നു. റ്റിഎസ്എസ്എസ് ന്റെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഹോം മിഷൻ നടന്നു. കരിങ്കുളം ഇടവകയിൽ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ എസ്എസ്എൽസി കുട്ടികൾക്കു അദ്ധ്യാപകർ നൈറ്റ് സ്റ്റഡി സംഗമം നടത്തുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായവും ലോണായി നൽകുന്നു. ക്വാളിറ്റി എഡ്യൂക്കേഷൻ ക്ലാസ്സുകൾ കൃത്യമായി നടന്നു. റ്റിഎസ്എസ്എസ്സിന്റെ കീഴിലുള്ള 3 ഭവന നിർമ്മാണം പൂർത്തിയായി. സ്വയം സഹായ സംഘങ്ങൾക്കു ലോൺ നൽകുന്നു. ജീസസ് യൂത്തിന്റെയും ഭക്തസംഘടനകളുടെയും യോഗങ്ങൾ കൂടുന്നു. പള്ളം ഇടവകയിൽ വച്ച് ഹോം മിഷൻ നടന്നു. കരിങ്കുളം ഇടവകയിൽ ഓഖി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാനായി എല്ലാ കുടുംബങ്ങൾക്കും 2000 രൂപ വീതം നൽകി. അടിമലത്തുറ ഇടവകയിൽ ഓഖിദുരന്തത്തിൽ മരണപ്പെട്ട 14 പേർക്ക് 25000 രൂപയും, തിരികെ വന്ന 18 പേർക്ക് 10000 രൂപയും നൽകി. എല്ലാ കുടുംബങ്ങൾക്കും സംഘടനകൾ വഴിയും ഭക്ഷണധാന്യങ്ങൾ എത്തിച്ചു കൊടുത്തു. കൂടാതെ, സിസ്റ്റേഴ്സിന്റെ സഹായത്തോടെ കോൺവെന്റിൽ 3 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ലീഡർമാരുടെ യോഗം കൂടി. പിൻമാറി നിൽക്കുന്നവരെ തിരികെ കൊണ്ടുവരാനായി കോർഡിനേറ്ററും ഭാരവാഹികളും ചേർന്ന് ഭവനങ്ങൾ സന്ദർശിച്ചു. മതബോധനം, വിൻസന്റ് ഡി പോൾ എന്നിവ വളരെ സജീവമായി നടക്കുന്നു. റ്റിഎസ്എസ്എസ് വിദ്യാർത്ഥികൾക്കു പഠനോപകരണം നൽകുന്നു. വിദ്യാഭ്യാസ ശുശ്രൂഷ കുട്ടികൾക്കു പ്രത്യേക ക്ലാസ്സു നടത്തുന്നു. നമ്പ്യാതി, കരിച്ചൽ ഇടവകകളിലും യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യമുണ്ട്. വെള്ളലുമ്പിൽ പള്ളി പൊളിച്ചിട്ടിരിക്കുന്നതിൽ ദിവ്യബലി ഇല്ല, യൂണിറ്റു മാത്രമേ ഉള്ളൂ. കൃത്യമായി കൂടുന്നുണ്ട്.

**സി. മേരിക്കുട്ടി എഫ്.എം.എം**
ആനിമേറ്റർ

# അജപാലനശുശ്രൂഷ

**ബോർഡ് മീറ്റിംഗ്**

ഫെബ്രുവരി മാസം 21-ാം തിയതി അജപാലനശുശ്രൂഷ ബോർഡ് യോഗം അജപാലനശുശ്രൂഷ ഓഫീസിൽ വച്ച് കൂടുക യുണ്ടായി.

**ബോർഡ് അംഗങ്ങളുടെ ചുമതലകൾ**

1. ബോർഡ് അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
2. ബോർഡ് ഒരു ഉപദേശക സമിതിയായി പ്രവർത്തിക്കേണ്ടതാണ്.
3. അജപാലനശുശ്രൂഷയുടെ ദർശനവും പ്രവർത്തനവും ഇടവക-ബിസിസി തലം വരെ കൊണ്ടെത്തിക്കുന്നതിന് സഹായകമായി ബോർഡ് പ്രവർത്തിക്കേണ്ടതാണ്
4. അതിരൂപതയിൽ കൈകൊണ്ടിട്ടുള്ള പങ്കാളിത്ത സംവിധാനം കീഴ്ഘട്ടങ്ങളിലും എത്തിച്ചേർക്കാൻ സഹായിക്കുക.
5. കമ്മിഷനുകൾ മുന്നോട്ടുവയ്ക്കുന്ന വിവിധ പദ്ധതികളുടെ പ്രായോഗികത വിലയിരുത്തുക.
6. വിവിധ കമ്മിഷനുകളുടെ കർമ്മപരിപാടികൾക്ക് അതിരൂപത ദർശനം ഉറപ്പുവരുത്തുക.
7. ദൈവജനം നിർദ്ദേശിക്കുന്ന കർമ്മപരിപാടികൾ വിശകലനം ചെയ് അവയെ വിവിധ കമ്മിഷൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പരിഗണിക്കുക.
8. വിവിധ കമ്മിഷൻ പ്രവർത്തനങ്ങളെ അതിരൂപതയിലെ മറ്റ് ശുശ്രൂഷ കമ്മിഷനുകളുമായി ഏകോപിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുക.
9. കമ്മിഷനുകളുടെ കർമ്മപദ്ധതിയും ബഡ്ജറ്റും രൂപീകരിക്കാൻ വേണ്ട വിലയേറിയ നിർദ്ദേശങ്ങൾ നല്കുക.



10. കമ്മിഷനുകളുടെ പ്രവർത്തനങ്ങളെ ശുഭപ്രതീക്ഷയോടെ പ്രോത്സാഹിപ്പിക്കുക.

**ബൈബിൾ കമ്മിഷൻ**

**A. പ്രവർത്തന റിപ്പോർട്ട്**

**1) സദ്ബോധന ബൈബിൾ സ്ക്കൂൾ**

സദ്ബോധന ബൈബിൾ സ്ക്കൂൾ മൂന്നാം ബാച്ചിൽ പങ്കെടുത്തവരുടെ ക്ലാസ്സുകൾ അവസാനിച്ചു. 67 പേർ പഠിതാക്കളായെത്തിയതിൽ 39 പേർ വിജയകരമായി കോഴ്സ് പൂർത്തിയാക്കി. 2018 ഫെബ്രുവരി 24-ന് സൂസപാക്യം മെത്രാപ്പോലീത്ത മൂന്നാം ബാച്ചിലെ കോഴ്സ് പൂർത്തിയാക്കിയവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റും Momento യും നല്കി ആദരിച്ചു. കൂടാതെ സദ്ബോധന ബൈബിൾ സ്ക്കൂൾ രണ്ടാം ബാച്ചിൽ പങ്കെടുത്തവർക്ക് Momento യും നല്കി ആദരിക്കുകയും നാലാം ബാച്ചിന്റെ ഉത്ഘടനവും നിർവ്വഹിച്ചു. സദ്ബോധന ബൈബിൾ സ്കൂളിന്റെ ഉത്ഘാടന ചടങ്ങിൽ അജപാലനശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മുത്തപ്പൻ അപ്പോലി സ്വാഗതം ആശംസിക്കുകയും അജപാലനശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് അധ്യക്ഷ സ്ഥാനം അലങ്കരിക്കുകയും സദ്ബോധന ബൈബിൾ ക്ലാസിന്റെ പ്രതിനിധിയായ ശ്രീമതി സോണിയ എ. ജോൺ ആശംസ അർപ്പിക്കുകയും, അതിരൂപതാ ബൈബിൾ കമ്മിഷൻ സെക്രട്ടറി ശ്രീ. സിൽവദാസ് നന്ദിയർപ്പിക്കുകയും ചെയ്തു.

**2) സദ്ബോധന ബൈബിൾ സ്ക്കൂൾ (IV Batch)**

24.02.2018 ശനിയാഴ്ച രാവിലെ 9.30 മുതൽ വെകുന്നേരം 4.30 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും രജിസ്റ്റർ ചെയ്ത 48 പേർക്ക് ഡിപ്ലോമ ബൈബിൾ കോഴ്സ് പ്രാരംഭ ക്ലാസ്സ് ആരംഭിച്ചു. രാവിലെ ബൈബിളിനെ ആസ്പദമാക്കി ഫാ. ലോറൻസ് കുലാസ് ക്ലാസ്സു

കൾ നല്കി. ഉച്ചകഴിഞ്ഞ് ബൈബിളിനൊരാമുഖം എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. റെക്സ് മൊറായിസ് ക്ലാസ്സുകൾ നല്കി.

**3) ബൈബിൾ സെമിനാർ**

കുടുംബജീവിതത്തിന്റെ കൗദാശികതയും പവിത്രതയും വ്യക്തമാക്കാൻ ബൈബിളിലെ വിവിധ കുടുംബങ്ങളെ അവതരിപ്പിച്ച് ഒരു സെമിനാർ ഫെബ്രുവരി 13-ാം തിയതി ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. സെമിനാറിൽ 125 പേർ പങ്കെടുത്തു. ഫാ. മുത്തപ്പൻ അപ്പോലി, ശ്രീമതി സുശീല ലോപ്പസ് എന്നിവർ നേതൃത്വം നല്കി.

**B. അറിയിപ്പ്**

**1) സദ്ബോധന ബൈബിൾ സ്കൂൾ**

അടുത്ത ബൈബിൾ ക്ലാസ് മാർച്ച് 17-ാം തിയതി 9:30 മുതൽ 4 മണിവരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്നതാണ് വിഷയം : മർക്കോസ് എഴുതിയ സുവിശേഷം.

**2) വചനം 2018 (ബൈബിൾ ഡയറി 2018)**

"വചനം 2018" വില - 150/- രൂപ

**ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ**

**A. അറിയിപ്പ്**

**മാർച്ച് മാസത്തെ പാഠ്യവിഷയം**

രണ്ടാം സെമസ്റ്റർ കഴിഞ്ഞുള്ള മാർച്ച് മാസത്തെ മൂന്ന് പ്രവർത്തി ദിനങ്ങളിൽ (മാർച്ച് 4,11,18) മതബോധന ക്ലാസ്സിൽ കുട്ടികളെ പഠിപ്പിക്കാൻ അതിരൂപത ക്രിസ്തീയ വിശ്വാസജീവിതപരിശീലനകമ്മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു:



| ക്ലാസ്സുകൾ | പഠനവിഷയം |
|---|---|
| 1 മുതൽ 4 വരെ | ബൈബിൾ കഥകൾ, ബൈബിൾ പാട്ടുകൾ, പ്രാർഥനകൾ |
| 5 മുതൽ 8 വരെ | കൂദാശകൾ, പ്രാർഥനകൾ |
| 9 മുതൽ പി.ജി. | കുമ്പസാരം, ദിവ്യബലി എന്നീ കൂദാശകൾ |

കുമ്പസാരം, ദിവ്യബലി എന്നീ കൂദാശകൾ പഠിപ്പിക്കാൻ സഹായകമായ ലഘുരേഖകളും ബുക്കും അജപാലനശുശ്രൂഷ കാര്യാലയത്തിൽ ലഭ്യമാണ്:

1) ദിവ്യബലി: ഘടനയും അർത്ഥവും (വില 50/- രൂപ)
2) വരുവിൻ നമുക്ക് അനുരജ്ജിതരാകാം (വില 5/- രൂപ)
3) അനുരജ്ഞന കൂദാശ (വില 5/- രൂപ)

**ഫെറോന, അതിരൂപത, കെ.ആർ.എൽ.സി.സി.**

**പരീക്ഷാ തീയതികൾ**

| പരീക്ഷകൾ | തീയതി | സമയം |
|---|---|---|
| ഫെറോനാതല പരീക്ഷ | 08.04.2018 | 02.00 pm to 04.00 pm (ഫെറോന സെന്റർ) |
| അതിരൂപത പരീക്ഷ | 22.04.2018 | 02.00 pm to 04.00 pm (അതിരൂപത സെന്റർ) |
| KRLCC സ്കോളർഷിപ്പ് പരീക്ഷ | 16.05.2018 | 10.00 am to 12.00 pm (സെന്റർ അറിയിക്കുന്നതാണ്) |

**ആരാധന കമ്മിഷൻ**

**അറിയിപ്പ്**

**1.** "നമുക്ക് പ്രാർഥിക്കാം" എന്ന കുടുംബ പ്രാർഥന പുസ്തകം ലഭ്യമാണ്. പുസ്തകത്തിന്റെ വില **30/-** രൂപ.

2. പരിഷ്കരിച്ച ദിവ്യബലിയുടെ ഗാനരൂപം സിഡിയിൽ ലഭ്യമാണ്.

3. ദിവ്യബലി വായന സൂചിക 2018 വില = 10 രൂപ

## ദൈവശാസ്ത്രം

### A. പ്രവർത്തനം

### 1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്

"ദിവ്യബോധന" ദൈവശാസ്ത്ര പഠനകോഴ്സ് ഫെബ്രുവരി 17-ാം തിയതി ശനിയാഴ്ച രാവിലെ 9.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. അതിൽ 48 പേർ പങ്കെടുത്തു. "കത്തോലിക്കാ ലേഖനങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ലോറൻസ് കുലാസും "തിരുസഭാചരിത്രത്തെ ആസ്പദമാക്കി ഫാ. സന്തോഷ് കുമാറും ക്ലാസ്സുകൾ നല്കി.

### അറിയിപ്പ്

1. "ദവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ് മാർച്ച് 17-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടും. വിഷയം: "സഭാവിജ്ഞാനിയം"

## കരിസ്മാറ്റിക് മുന്നേറ്റം

### A. പ്രവർത്തനം

### 1. തെരഞ്ഞെടുപ്പ്

അഞ്ചുതെങ്ങ് സബ്സോൺ സർവ്വീസ് പ്രതിനിധികളെ പുനഃസംഘടിപ്പിച്ചു. രാജൻ ജോസഫ് (കോർഡിനേറ്റർ), ലീനാ ജയിംസ് (സെക്രട്ടറി, മൈക്കിൾ ഫ്രാൻസിസ് (ഖജാൻജി). ഓരോ ഇടവകയിലുള്ള പ്രാർഥനാഗ്രൂപ്പിൽ നിന്നും വിവിധ മിനിസ്ട്രിലേക്ക് അംഗങ്ങളെ കണ്ടെത്തി ശ്രീ. കിരൺ പുതുക്കിറിച്ചി സബ്സോണിന്റെ പുതിയ കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു.

### 2) മുക്തി ധ്യാനം

മേനംകുളത്തുള്ള അനുഗ്രഹഭവനിൽ ഈ മാസം 3-ാം തിയതി മുതൽ 9 വരെ സോണിന്റെ നേതൃത്വത്തിൽ ധ്യാനം നടന്നു. ഫാ. കോസ്മോസ് തോപ്പിൽ, ഫാ. എൽകിൻ ജോസഫ്, ഫാ. അനീഷ് ഫെർണാണ്ടസ്, ഫാ. ഡോണി ഡി. പോൾ, ഫാ. പ്രബിൻ, ശ്രീമതി നിർമ്മല, പ്രൊഫ. ജോർജ്ജ് ജോസഫ്, പ്രൊഫ. റോണാൾഡ് ഡിക്രൂസ്എന്നിവരാണ് ധ്യാനം നയിച്ചത്.

### 3) ഏകദിനധ്യാനം



സോണിലെ പ്രാർഥനാകൂട്ടായ്മ ലീഡേഴ്സിനുവേണ്ടി പാളയം മെട്രോപോളിറ്റൻ ദൈവാലയ ആഡിറ്റോറിയത്തിൽ വച്ച് ഏകദിനധ്യാനം നടത്തി. ജപമാല, സ്തുതിപ്പ്, വചനപ്രഘോഷണം, ആരാധനഎന്നിവ ഉണ്ടായിരുന്നു. ഫാ. അജിൻ അൽബർനാഥ് എ.വി.ഡി. ബ്ര. ജോസഫ് ദാസ് എന്നിവർ വചനപ്രഘോഷിച്ചു. വിവിധ മിനിസ്ട്രിയിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

## മതസംവാദം

### പ്രവർത്തനം

ജാതിമതഭോദമന്യേ പരസ്പരം സൗഹാർദ്ദത്തിലും സ്നേഹത്തിലും കഴിയുന്നതിന് ജീവസംരക്ഷണം അവയവദാനത്തിലൂടെയും രക്തദാനത്തിലൂടെ സാധ്യമാകുമെന്ന ചിന്ത കുഞ്ഞുങ്ങളിൽ ആഴപ്പെടുത്താൻ ഫെബ്രുവരി 10-ാം തിയതി തിരുവനന്തപുരം നഗരത്തിലെ വിവിധ സ്ക്കൂളുകളിൽ പഠിക്കുന്ന 105 വിദ്യാർത്ഥികളെ സംഘടിപ്പിച്ച് ഒരു ദിവസത്തെ സെമിനാർ നടത്തി. ശ്രീ. ജോയ് ക്ലാസ്സിന് നേതൃത്വം നല്കി.

# കുടുംബപ്രേഷിത ശുശ്രൂഷ

### കൗൺസിലിംഗ് കോഴ്സ് രണ്ടാം ബാച്ച്

കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ ആരംഭിച്ച ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും രണ്ടാം ബാച്ചിന്റെ ഫെബ്രുവരി മാസത്തെ ക്ലാസ്സുകൾ 3, 10, 24 എന്നീ തീയതികളിൽ നടന്നു. 30 പേർ പങ്കെടുക്കുന്ന ക്ലാസ്സിൽ റവ. ഡോ. ആൻഡ്രൂസ് കോസ്മോസ്, റവ. ഫാ. എ. ആർ. ജോൺ, റവ. ഫാ. എഡിസൻ. വൈ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### കൗൺസിലിംഗ്

വിവിധ ഇടവകകളിൽ നിന്നും വന്ന 35 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപത കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു.

### ഓഖി - സാന്ത്വനസ്പർശം

വോളന്റിയേഴ്സ് അംഗങ്ങൾ ഓഖി ബാധിത കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ അവസ്ഥ മനസ്സിലാക്കി വേണ്ട മാനസിക പിൻതുണ നൽകുകയും ചെയ്തു

### രോഗീദിനാചരണം

ഫെബ്രുവരി 11 ഞായറാഴ്ച സഭയുടെ 26-ാമത് രോഗീദിനമായി ആചരിച്ചു. ഈ അവസരത്തിൽ രോഗിയായതുകൊണ്ട് മാത്രം ദൈവാലയത്തിൽ എത്താൻ കഴിയാത്തവരെ ദൈവാലയ



ത്തിൽ എത്തിക്കുകയും കൂദാശകൾ സ്വീകരിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. അന്നേ ദിവസത്തെ ദിവ്യബലി രോഗികൾക്കുവേണ്ടി അർപ്പിച്ചു. ഇടവകകൾ രോഗീദിനം സമുചിതമായി ആചരിച്ചു.

### സാന്ത്വനം മാംഗല്യം

കുടുംബപ്രേഷിത ശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മാംഗല്യത്തിന്റെ ലക്ഷ്യം.

ഫെബ്രുവരി 14 ബുധനാഴ്ച മൂന്നുമണിക്ക് അഭിവന്ദ്യ സൂസപാക്യം പിതാവ് സാന്ത്വനം മാംഗല്യം പദ്ധതി ഔദ്യോഗികമായി ഉത്ഘാടനം ചെയ്തു. സാംസ്ക്കാരിക നേതാക്കന്മാരുടെ സാന്നിധ്യത്തിൽ ഓഖി ദുരന്തബാധിതർക്കും സമാനസാഹചര്യത്തിൽ ഉൾപ്പെട്ടു ജീവിക്കുന്നവർക്കും കേരള ഫിഷറീസ് മന്ത്രി ശ്രീമതി ജെ. മേഴ്സികുട്ടിയമ്മ ക്യാഷ് ചെക്കുകൾ നൽകി. ഓഖി ദുരന്തത്തിൽപെട്ട ക്രിസ്പിൻ (നീരോടി), പീറ്റർ (വലിയതുറ), ദേവദാസ് (പൂവാർ), തുടങ്ങിയവരാണ് ചെക്കുകൾ ഏറ്റുവാങ്ങിയത്.

ഇതുവരെയായി 33 യുവതികളെ സാന്ത്വനം മംഗല്യം വഴി സഹായിക്കുവാൻ സാധിച്ചിട്ടുണ്ട്.

### വിവാഹ മുന്നൊരുക്ക കോഴ്സ്

ഫെബ്രുവരി 19-21 വരെ നടന്ന കോഴ്സിൽ 38 പെൺകുട്ടികളും 42 ആൺകുട്ടികളും പങ്കെടുത്തു. സാധാരണ നടക്കുന്ന ക്ലാസ്സിനു പുറമെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും എല്ലാവരും സജീവമായി പങ്കെടുക്കുകയും ചെയ്തു.

### പ്രോലൈഫ്

ഫെബ്രുവരി 25 ഞായറാഴ്ച കെസിബിസി ആസ്ഥാനമായ പിഒസിയിൽ നടന്ന സെമിനാറിൽ കുടുംബപ്രേഷിത ശുശ്രൂഷ അസി. ഡയറക്ടർ റവ. ഫാ. ജൂലിയസ് സാവിയോ കെ. എം. പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 32 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു.

## അറിയിപ്പുകൾ

**യേശുവിന്റെ മനഃശാസ്ത്രം**

ക്രിസ്തു മനഃശാസ്ത്രം എന്ന വിഷയത്തെ ആസ്പദമാക്കി പോസിറ്റീവ് മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള സെമിനാർ മാർച്ച് 9, 10 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മുൻകൂർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യാനായി ബന്ധപ്പെടേണ്ട നമ്പർ 9387296213, 8281123941

**വിവാഹ ഒരുക്കസെമിനാർ**
**2018 മാർച്ച് 2, 3, 4**
**മാർച്ച് 19, 20, 21**
**തീയതികളിൽ നടത്തപ്പെടുന്നു.**





# യുവജന ശുശ്രൂഷ

## Leadership Awareness & Motivation Programme (LAMP)

അതിരൂപതയിൽ പുതിയ നേതൃത്വത്തെ വാർത്തെടുക്കു വാനും യുവജനങ്ങൾ വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും തങ്ങളുടെ സ്വത്വബോധം തിരിച്ചറിഞ്ഞും അതിരൂപതയുടെ ആശയവും ആവേശവുമായി തീരുവാൻ Leadership Awareness & Motivation Programme എന്ന 6 മാസം നീണ്ടു നിൽക്കുന്നതും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടിയ ഡിപ്ലോമോ കോഴ്സ് ആരംഭിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 50 പേരെ Bonefire ക്യാമ്പിലൂടെ തിരഞ്ഞെടുത്തു കൊണ്ടാണ് 10-ാമത് ലാമ്പ് ബാച്ച് ആരംഭിച്ചത്. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് 10-ാമത് ലാമ്പ് ബാച്ചിന്റെ ഉദ്ഘാടനം ഫാ. ലെനിൻ ഫെർണാണ്ടസ് നിർവ്വഹിച്ചു.

**മനഃശാസ്ത്രം**

- നമുക്ക് എങ്ങനെ സ്വയം കണ്ടെത്താം (Self Discovery)
- സ്വാഭിമാനം (Self Esteem)
- വ്യക്തിബന്ധങ്ങളും ആശയവിനിമയ സിദ്ധാന്തങ്ങളും (Relationships and Communication theories)
- നേതൃത്വവും വിവിധ നേതൃത്വശൈലികളും (Leadership Training)
- വ്യക്തിത്വ വികാസം (Personality Development)
- ഉപബോധ മനസും ശീലങ്ങളും (Subconcious Mind and habits)
- പ്രോബ്ളം മാനേജ്മെന്റ് (Problem Management)
- ടൈം മാനേജ്മെന്റ് (Time Management)
- ഫിനാൻസ് മാനേജ്മെന്റ് (Finance Management)
- മനോഭാവങ്ങളും ജീവിതവിജയവും (Change of Attitude)
- ഗോൾ സെറ്റിംഗ് (Goal Setting)
- പഠനം എങ്ങനെ രസകരമാക്കാം (Tips to Study)

- ഓർമ്മശക്തി എങ്ങനെ വർദ്ധിപ്പിക്കാം (Effective Memory power)

**ബൈബിൾ, സഭ, ആദ്ധ്യാത്മികത**

- സഭാ ചരിത്രം
- ലത്തീൻ സഭയും കേരള ചരിത്രവും
- ക്രൈസ്തവ നേതൃത്വം
- പഴയ നിയമപ്രവാചകന്മാരും യേശുവും
- യുവാവായ ക്രിസ്തുവിന്റെ നീതിബോധം
- ഗർഭച്ഛിദ്രം, ദയാവധം - സഭയുടെ കാഴ്ച്ചപ്പാട്
- മരണാനന്തര ജീവിതത്തെക്കുറിച്ച്
- കൂദാശകളെക്കുറിച്ച് ഒരു പഠനം
- സുവിശേഷ പഠനം (വി. മാർക്കോസിന്റെ സുവിശേഷം ആസ്പദമാക്കി)
- ക്രിസ്തീയ വിവാഹം - ക്രിസ്തീയ കുടുംബം
- വത്തിക്കാൻ കൗൺസിലും സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയും
- പത്ത് കൽപ്പനകളും ധാർമ്മിക പ്രശ്നങ്ങളും
- ലൈംഗിക പരിശുദ്ധിയും യുവജനങ്ങളും
- പഴയനിയമ പ്രവാചകന്മാരും യേശുവും

**Skill Development (നൈപുണ്യ വികസനം)**

- അഭിനയ കല
- പ്രസംഗ കല
- എഴുത്ത് കല
- സംവാദം
- ഇന്റർവ്യൂ പരിശീലനം
- വിവിധ ജോലി സാദ്ധ്യതകൾ
- യോഗ
- ധ്യാന പരിശീലനം
- സ്പോക്കൺ ഇംഗ്ലീഷ്
- ശുദ്ധമലയാള പരിശീലനം
- ഇന്ത്യൻ പീനൽകോഡ്
- ഗ്രാമദർശൻ
- പ്രോജക്ട് തയ്യാറാക്കൽ



എന്നീ വിഷയങ്ങളെ ആസ്പദമാക്കി പ്രഗത്ഭരായ വ്യക്തികൾ, ക്ലാസ്സുകകൾ കൈകാര്യം ചെയ്യുന്നു. ഒരു സർട്ടിഫിക്കറ്റ് കോഴ്സ് ആണിത്.

**യുവജനവർഷ ഉദ്ഘാടനം**

2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ ആഗോള കത്തോലിക്കാ സഭ യുവജന വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ ഫെബ്രുവരി 10-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് അതിരൂപതാതല യുവജനവർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ.M.A.ജോണിയുടെ അദ്ധ്യക്ഷതിൽ കൂടിയ യോഗത്തിൽ അതിരൂപതാ ഡയറക്ടർ ആമുഖ പ്രഭാഷണം നടത്തുകയും യുവജനവർഷത്തിൽ യുവജനങ്ങൾ ദിവസേന മൂന്നുപ്രാവശ്യം ചൊല്ലേണ്ടുന്ന പോക്കറ്റ് പ്രയർ കാർഡ് കെ.ആർഎൽ.സി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ.പോൾ സണ്ണി യുവജനങ്ങൾക്കായി ചൊല്ലിക്കൊടുത്തു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ മൈക്കിൾ, ആനിമേറ്റർ സിസ്റ്റർ ലിസ്ന, ജനറൽ സെക്രട്ടറി അജിത് പൊഴിയൂർ എന്നിവർ സംസാരിച്ചു.

**ഫെറോന യുവജന സംഗമം**

യുവജന വർഷത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പേട്ട, വലിയതുറ ഫെറോനകളിൽ യുവജന സംഗമം നടന്നു. ഈ വർഷത്തിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങളും പദ്ധതികളും തയ്യാറാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സംഗമം നടന്നത്. പേട്ട ഫെറോനയുടെ യുവജനസംഗമം അതിരൂപതാ മീഡിയ കമ്മിഷൻ ഡയറക്ടർ ഫാ.ദീപക് ഉദ്ഘാടനം ചെയ്തു. വലിയതുറ ഫെറോനയുടെ സംഗമം വലിയതുറ ഫെറോന വികാരി ഫാ.സൈറസ് കളത്തിൽ ഉദ്ഘാടനം ചെയ്യുകയും അതിരൂപത ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ് ക്ലാസ്സ് നയിക്കുകയും ചെയ്തു.

# വിദ്യാഭ്യാസശുശ്രൂഷ ഫൊറോനകളിൽ

## പാളയം ഫൊറോന

**ഫൊറോന പ്രവർത്തനങ്ങൾ**: ജനുവരി 17 ന് ഫെറോന സമിതി കൂടി. ഫെറോന/ഇടവകതല റിപ്പോർട്ട് അവതരിപ്പിച്ചു വിലയിരുത്തി. ഇടവകതലത്തിൽ നടത്തിയ ജികെ മത്സരത്തെക്കുറിച്ച് ചർച്ച നടത്തി.

**ജി.കെ മത്സരം**: ജനുവരി സെന്റ് ജോസഫ്സ് എൽപിഎസ് ഫെറോനതലത്തിൽ ജി കെ മത്സരം നടത്തി. ഇടവകതലത്തിൽ നടത്തിയ മത്സരത്തിൽ നിന്ന് ഫെറോനതലത്തിൽ 29 വിദ്യാർത്ഥികൾ പങ്കെടുത്തു. ഇടവകതലത്തിൽ 1, 2, 3 സ്ഥാനക്കാരെയാണ് ഫെറോനതലത്തിൽ മത്സരിപ്പിച്ചത്; അതിൽ നിന്നും 1,2,3 സ്ഥാനക്കാരെ തെരഞ്ഞെടുത്തു.

**പരീക്ഷയെ എങ്ങനെ അഭിമുഖീകരണം**: 17,01.2018 ൽ 19, 10, 11, 12 എന്നീ ക്ലാസ്സിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പാളയം സെന്റ് ജോസഫ്സ് എൽപിഎസ്സിൽ വച്ച് രാവിലെ "ആത്മ വിശ്വാസത്തോടുകൂടി പരീക്ഷഹാളിലേയ്ക്ക്" എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ജോബി ആര്യനാട് (ലയോള കോളേജ്) ചൈൽഡ് ലൈൻ കോർഡിനേറ്റർ ക്ലാസ്സ് നയിച്ചു. 47 വിദ്യാർത്ഥികൾ പങ്കെടുത്തു.

### സ്കൂൾ പ്രവർത്തനങ്ങൾ

**സെന്റ് ജോസഫ്സ് എൽപിഎസ് പാളയം**: ജനുവരിയിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി എ.ഇ.ഓ ഓഫീസിൽ സമർപ്പിച്ചു. ഫെബ്രുവരി 12 ന് വാർഡ് കൗൺസിലർ എംഎൽഎ. പൂർവ്വ വിദ്യാർത്ഥികൾ. പിറ്റിഎ അംഗങ്ങൾ, പൊതുജനങ്ങൾ, വികസന സമിതി, അദ്ധ്യാപകർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിച്ചു അംഗീകാരം നേടും. ഗ്രീൻ കോൺഗ്രസ്സിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ വിദ്യാർത്ഥികൾക്ക് ചിത്രരചന മത്സരം നടത്തി. 8 കുട്ടികൾ പങ്കെടുത്തു. ഇതിൽ നിന്ന് ഒരു കുട്ടിയ്ക്ക് ബഹു. മേയർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**സെന്റ് ആന്റണീസ് എൽപിഎസ്, പൂഴിക്കുന്ന്**: ജനുവരി 25-ാം തിയതി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി എഇഓ ഓഫീസിൽ സമർപ്പിച്ചു. ഡിആർസി കോർഡിനേറ്റർ ശ്രീമതി. പ്രീത ആർ മാതാപിതാക്കൾക്ക് ക്ലാസ്സ് നയിച്ചു. മാസ്റ്റർ പ്ലാൻ വിശദീകരിച്ചു. നേമം ശാന്തിവിള യൂപിഎസ്സിൽ വച്ച് നടത്തിയ ചിത്രരചന മത്സരത്തിൽ 1, 2 സ്ഥാനം ഈ സ്കൂളിനു ലഭിക്കുകയുണ്ടായി. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നവംബർ മാസത്തിൽ ശ്രീ. ജൂലീസ് സാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

### ഇടവക പ്രവർത്തനങ്ങൾ

**വെള്ളയമ്പലം**: ജനുവരി 13-ാം തീയതി സമിതി കൂടി മറ്റു ഇടവകൾക്കുള്ള സ്പോൺസർ എ ചൈൽഡ് പരിപാടിക്കുള്ള ക്യാഷ് കളക്ട് ചെയ്തുവരുന്നു.

**മണക്കാട്**: മാക്സിൽ ബുദ്ധിമുട്ടുള്ള 3 വിദ്യാർത്ഥികൾക്ക് കൺവീനറിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ക്ലാസ്സ് സംഘടിപ്പിച്ചു വരുന്നു.

| | |
|---|---|
| **ഫാ. ജേക്കബ് സ്റ്റെല്ലസ്** | **ജൂലി ഡയനേഷ്യസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## വലിയതുറ ഫൊറോന

### പ്രധാന പ്രവർത്തനങ്ങൾ

1. പി.എസ്.സി.കോച്ചിങ്
2. പരീക്ഷയ്ക്ക് എങ്ങനെ ഒരുങ്ങാം
3. ഫെറോനാതലയോഗം
4. ഇടവകതലയോഗം

**ഫെറോനാതലയോഗം**: ജനുവരി 13 ന് ചെറുവെട്ടുകാട് വച്ച് വൈദിക കോർഡിനേറ്റർ ജോസ് ദിലീപച്ചന്റെ നേതൃത്വത്തിൽ കൂടി. 10 ൽ 6 ഇടവകകളിൽ നിന്ന് കൺവീനർമാർ പങ്കെടുത്തു. ക്രാഷ്കോഴ്സ് മാർച്ച് മാസം നടത്തുന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ കോഴ്സ് സംബന്ധിച്ച് 10 ഇടവകയിലും ബാനർ കെട്ടാൻ തീരുമാനിച്ചു.

**പരീക്ഷയ്ക്ക് എങ്ങനെ ഒരുങ്ങാം** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഒരു ബോധവൽക്കരണ ക്ലാസ് സെന്റ് സേവ്യഴ്സ് ഇടവകയിൽ ഫെബ്രുവരി 11 ന് തദ്ദേവൂസ് സാർ ഒരു ക്ലാസ് നൽകി. 72 കുട്ടികൾ പങ്കെടുത്തു.

**പി.എസ്.സി**: ഫെറോനതല പിഎസ്സി കോച്ചിങ് വെട്ടുകാട് സ്കൂളിൽ വച്ചു നടന്നു. 20 കുട്ടികൾ പങ്കെടുക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 4 മണി മുതൽ 6 മണി വരെയാണ് ക്ലാസ്. ക്ലാസ് നയിക്കുന്നത് ടൈം-ടാലന്റ് എന്നിവിടങ്ങളിലെ പ്രമുഖരാണ്.

**ഇടവകതലയോഗം**: വെട്ടുകാട്, കണ്ണാന്തുറ, തോപ്പ്, വലിയവേളി, ചെറുവെട്ടുകാട്, വലിയതുറ, ചെറിയതുറ, സെന്റ് സേവ്യർസ് എന്നീ ഇടവകകളിൽ ഇടവകതല യോഗം നടന്നു.

**ഫാ. ജോസഫ് ദിലീപ് O F M Cap** — **മേരി**
കോഓഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

**ഫെറോനതലം**: ഫെബ്രുവരി 18 പൂവാർ ഇടവകയിൽ വച്ച് കോ-ഓർഡിനേറ്റർ ഫാ. ജെറാൾഡ് സാവിയോയുടെ അദ്ധ്യക്ഷതയിൽ ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം നടന്നു. യോഗത്തിൽ 2017-18 വർഷത്തെ പദ്ധതിയനുസരിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തി. വിഭാവന ചെയ്തിരുന്ന എല്ലാ പരിപാടികളും നടപ്പിലാക്കാൻ ഫെറോന സമിതിക്ക് കഴിഞ്ഞു. തുടർന്ന്, ഇടവകതലപ്രവർത്തനങ്ങളും വിലയിരുത്തി. എൻട്രൻസ് കോച്ചിങ് പരിപാടി ഏപ്രിൽ 2-ാം തിയതി മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചു. യോഗം 2018-19 വർഷത്തേയ്ക്കുള്ള പദ്ധതി-ബജറ്റ് രേഖ തയ്യാറാക്കി. 15 പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയത്.

**ഫെറോനതലപ്രവർത്തനങ്ങൾ**: സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിൽ ഈ മാസം അഞ്ച് ക്ലാസ്സുകൾ നൽകി. പരിശീലനത്തിൽ 39 വിദ്യാർത്ഥികൾ പങ്കെടുത്തു.

**പി.എസ്.സി പരിശീലനം**: പുല്ലുവിള ഇടവകയിൽ നടന്നുവരുന്നു. ഈ മാസം 10 ക്ലാസ്സുകൾ സംഘടിപ്പിച്ചു. നമ്പ്യാതിയിൽ 22 ക്ലാസ്സുകൾ സംഘടിപ്പിച്ചു.



പുതിയതുറ ഇടവകയിൽ 10 ഉദ്യോഗാർത്ഥികൾ സ്വന്തമായി പരിശീലനം നടത്തി വരുന്നു.

**ഇടവകതലം**: എസ്എസ്എൽസി വിദ്യാർത്ഥികൾക്കായുള്ള നൈറ്റ് സ്റ്റഡി പുല്ലുവിളയിൽ പൂജാസംഘടനയും വിദ്യാഭ്യാസ സമിതിയും സംയുക്തമായി നൈറ്റ്സറ്റഡി സംഘടിപ്പിക്കുന്നു; 144 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

കരുംകുളം ഇടവകയിൽ 26 ഉം പൂവാർ ഇടവകയിൽ 33 ഉം പരുത്തിയൂർ ഇടവകയിൽ 15 ഉം അടിമലത്തുറ ഇടവകയിൽ 31 വിദ്യാർത്ഥികളുമാണ് നൈറ്റ്സറ്റഡിയിലുള്ളത്.

പള്ളം ഇടവകയിൽ ഫെബ്രുവരി 24 ന് എസ്എസ്എൽസി, +2 വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിച്ചു. 63 പേർ പങ്കെടുത്തു.

വിദ്യാഭ്യാസ സമിതിയോഗം പുല്ലുവിള, പള്ളം, കരുംകുളം, പൂവാർ, പരുത്തൂയൂർ, നമ്പ്യാതി എന്നീ ഇടവകകളിൽ സംഘടിപ്പിച്ചു. പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്തു.

**ഫാ. ജെറാൾഡ് സാവിയോ** — **മേരി ത്രേസ്യ മൊറായിസ്**
കോഓഡിനേറ്റർ — ആനിമേറ്റർ

# സാമൂഹ്യ ശുശ്രൂഷ ഫെറോനകളിൽ

## പേട്ട ഫെറോന

**നീതി സമാധാന വികസന കമ്മീഷൻ**

**മനുഷ്യശേഷി വികസന വിഭാഗം:** ജനുവരി 14, ഫെബ്രുവരി 2 എന്നീ ദിവസങ്ങളിൽ ഫെറോന സമിതിയോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി, തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. യോഗത്തിൽ 7,14 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

ജനുവരി 08, ഫെബ്രുവരി 04 എന്നീ ദിവസങ്ങളിൽ ഫെറോനയിലെ നിലവിലുള്ള 6 ചൈൽഡ് പാർലമെന്റ് വോളന്റിയർമാരുടെ ഫെറോനതല പ്രതിമാസം യോഗം നടന്നു. ഇടവകാതല ചൈൽഡ് പാർലമെന്റ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണവും തുടർപ്രവർത്തനങ്ങളും പ്ലാൻ ചെയ്തു. രൂപതയിൽ നിന്നുള്ള അലവൻസ് ഫെറോന ആനിമേറ്റർ ചൈൽഡ് പാർലമെന്റ് വോളന്റിയർമാർക്കു നൽകി.

**അടിസ്ഥാന സൗകര്യങ്ങളുടെ വികസനം:** "ഭവനം ഒരു സമ്മാനം" പദ്ധതിയുടെ ഭാഗമായി എസ്എഎഫ്പി യുടെ സഹായത്തോടെ ചെയ്തുവരുന്ന ഫെറോനയിലെ 3 ഭവനങ്ങളുടെ പണി പുരോഗമിച്ചുവരുന്നു. മുട്ടട ഇടവകയുടെ സബ്സ്റ്റേഷൻ കുന്നിൻപുറം ഇടവകയിൽ ഒരു ഭവനത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 28 നു നടന്നു. കാര്യവട്ടം ഇടവകയിൽ പിഎംഎവൈ മുഖേന ഒരു ഭവനത്തിന് സെലക്ഷൻ ലഭിച്ചു.

കുമാരപുരം ഇടവകയിൽ, ഭവനമില്ലാത്തവർക്കുള്ള ഗവ.ഫ്ളാറ്റ് നിർമ്മാണത്തിൽ ഉൾപ്പെട്ട ഒരു കുടുംബത്തിന് ഫ്ളാറ്റിനുള്ള അർഹത ലഭിച്ചു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും:** ജനുവരി 12, ഫെബ്രുവരി 09 എന്നീ ദിവസങ്ങളിൽ എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം ഫെറോന എസ്എച്ച്ജി പ്രസിഡന്റിന്റെ അദ്ധ്യക്ഷ



തയിൽ നടന്നു. ഇടവക എസ്എച്ച്ജി പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. ഫെറോന പ്രവർത്തക ഫണ്ടിൽനിന്നും നൽകിയ ലോൺ തിരിച്ചടവ് ഉറപ്പുവരുത്തി. കുമാരപുരം സൂര്യ എസ്എച്ച്ജി ക്ക് 15,000 രൂപ ലോൺ നൽകി. വികാസ് നഗർ എസ്എച്ച്ജി ഫെഡറേഷൻ യോഗം ജനുവരി 20 നു നടന്നു. ഉണർവ്വ് പഠന പത്രിക വായിച്ച് ചർച്ച ചെയ്തു. തുടർ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**എസ്എച്ച്ജി വാർഷികം:** ഫെബ്രുവരി 20 നു കുമാരപുരം സൂര്യ എസ്എച്ച്ജി ഇടവക വികാരി ഫാ. അഗസ്റ്റിൻ ജോണിന്റെ അധ്യക്ഷതയിൽ വാർഡ് കൗൺസിലറിന്റെ ഉദ്ഘാടനത്തോടെ എസ് എച്ച്ജി വാർഷികം ആഘോഷിച്ചു. 41,000 രൂപ എസ്എച്ച്ജി യിലെ 10 അംഗങ്ങൾക്ക് ബോണസ് നൽകി. ഓരോ വ്യക്തിയെയും സമ്മാനം നൽകി ആദരിച്ചു.

കുമാരപുരം സൂര്യ എസ്എച്ച്ജി ലെ ശ്രീമതി ഹെഡിൽക്വിൻ മെഡിക്കൽ കോളേജ് വാർഡിലെ എഡിഎസ് ആയും വാർഡിലെ എഡിഎസ് മാരുടെ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. ഫെറോനയിലെ 2 സംഘങ്ങളുടെ ഗ്രേഡിംഗ് നടത്തി എസ്എച്ച്ജി സർട്ടിഫിക്കറ്റ് നൽകി.

**കുടുംബക്ഷേമ പ്രവർത്തനം:** ഫെറോനയിൽ 26 കുടംബങ്ങൾ കാരുണ്യപൂർവ്വം പദ്ധതിയിൽ ഗുണഭോക്താക്കളായി തുടരുന്നു. വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുടുംബങ്ങൾ തയ്യൽ, കുടനിർമ്മാണം, കോഴി വളർത്തൽ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ കുടുംബോദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഇതരതൊഴിലാളി ക്ഷേമവും കാർഷികമേഖലയും:** ജനുവരി 28, ഫെബ്രുവരി 17 എന്നീ തിയതികളിൽ കെഎൽഎം ഫെറോന യോഗം ഫെറോന പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടന്നു. കെഎൽഎം ഫെറോന പ്രവർത്തന ഫണ്ടിൽ നിന്നും 6 കെഎൽഎം സംഘങ്ങൾക്ക് 60,000/- രൂപ ലോൺ നൽകി. മുട്ടട ഇടവകയിൽ പുതിയ കെഎൽഎം ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചു.

കെഎൽഎം ഫെറോന ട്രഷറായി വികാസ്നഗർ ഇടവകയിൽ നിന്നും ശ്രീമതി റാഹേൽ കുഞ്ഞുമോൻ തെരഞ്ഞെടുക്കപ്പെട്ടു. ഫെറോന ബാങ്ക് അക്കൗണ്ടിൽ പേര് രജിസ്റ്റർ ചെയ്തു പ്രവർത്തനം സജീവമാക്കി.

കെഎൽഎം അംഗങ്ങളുടെ വിവരശേഖരണം നടത്തി 25 അംഗങ്ങളുടെ ഫോമും 250 രൂപ രജിസ്ട്രേഷൻ ഫീസും രൂപതയിൽ ഫെറോന ആനിമേറ്റർ എത്തിച്ചു.

**ആരോഗ്യകാര്യ കമ്മിഷൻ**: ജനുവരി 21, ഫെബ്രുവരി 04 എന്നീ തിയതികളിൽ പുഷ്പഗിരി, കുമാരപുരം എന്നീ ഇടവകയിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ്സ് നടന്നു. പുഷ്പഗിരി ഇടവകയിലെ ചൈൽഡ് പാർലമെന്റിലെയും മതബോധന കുട്ടികളെയും ഉൾപ്പെടുത്തി നടത്തി ക്ലാസ്സിൽ മതബോധനം എച്ച് എം, റ്റിഎസ് എസ് എസ് സെക്രട്ടറി, ചൈൽഡ് പാർലമെന്റ് വോളന്റിയർ ഉൾപ്പെടെ 38 കുട്ടികൾ പങ്കെടുത്തു. കുമാരപുരം ഇടവകയിലെ 27 സ്ത്രീകൾ റ്റിഎസ്എസ്എസ് സെക്രട്ടറി ഹെൽത്ത് ക്ലബ് അംഗങ്ങൾ എന്നിവരുടെ സജീവസാന്നിധ്യവും ഉണ്ടായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ശ്രീമാൻ അനിൽ കുമാർ പ്രസ്തുത ക്ലാസ്സുകൾ നയിച്ചു.

**രോഗികൾക്ക് ചികിത്സാസഹായം**: പോങ്ങുംമൂട് ഇടവക റ്റിഎസ് എസ്എസ് ന്റെ നേതൃത്വത്തിൽ ഒരു ക്യാൻസർ രോഗിക്ക് 2000/- രൂപയും, കാര്യവട്ടം ചൈൽഡ് പാർലമെന്റ് കുട്ടികൾ സ്പോൺസേഴ്സിലൂടെ സമാഹരിച്ച 3700/- രൂപ ആർസിസി യിലെ ഒരു ക്യാൻസർരോഗിക്കും ചികിത്സാ സഹായം നൽകി.

ഫെബ്രുവരി 13 ന് രൂപതാലത്തിൽ റ്റിഎസ്എസ്എസ് ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാൻസർ ദിനാചരണത്തിൽ ചെറുവക്കൽ കുമാരപുരം എന്നീ ഇടവകകളിലെ ഹെൽത്ത് ക്ലബ് വോളന്റിയേഴ്സിന്റെ നേതൃത്വത്തിൽ സമാഹരിച്ച 2000/- രൂപ ചെറുവക്കലിലെ ഒരു ക്യാൻസർ രോഗിക്ക് തിരുവനന്തപുരം അതിരൂപതാ മെത്രാപ്പൊലീത്ത റവ.ഡോ.സൂസപാക്യം നൽകി.

ചെറുവക്കൽ ഇടവകയിൽ നിന്നും 2 പേർ ക്യാൻസർ രോഗികൾക്ക്



കേശദാനം ചെയ്തു. പുഷ്പഗിരി ഇടവക റ്റിഎസ്എസ്എസ് ന്റെ നേതൃത്വത്തിൽ ഇടവകയിലെ ഏകസ്ഥനായ സിൽവിയായുടെ സഹായത്തോടെ സ്ത്രീകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ യോഗയുടെയും മെഡിറ്റേഷന്റെയും പരിശീലനം ഇടവകയിൽ നടന്നുവരുന്നു.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ**: ചെറുവക്കൽ ഇടവക വിധവാ ഫോറം ജനുവരി 14, ഫെബ്രുവരി 18 എന്നീ ദിവസങ്ങളിൽ നടന്നു. 2012 ചെറുവക്കൽ ഇടവകയിൽ വിധവാഫോറത്തിലെ അംഗങ്ങൾക്ക് ജെൽമെഴുകുതിരി പരിശീലനം സംഘടിപ്പിച്ചു. 13 അംഗങ്ങൾ പങ്കെടുത്തു.

**കുട്ടികൾക്കുള്ള പ്രവർത്തനം**: ഫെറോനയിലെ ചൈൽഡ് പാർലമെന്റ് (6) യോഗങ്ങൾ പ്രതിമാസം നടന്നു. റിപ്പബ്ലിക് ദിനാചരണം കുമാരപുരം, ചെറുവക്കൽ ചൈൽഡ് പാർലമെന്റ് കുട്ടികളുടെ നേതൃത്വത്തിൽ നടന്നു. കുമാരപുരം ഇടവക ചൈൽഡ് പാർലമെന്റ് കുട്ടികളുടെ നേതൃത്വത്തിൽ കുമാരപുരം ബഥനികോൺവെന്റിലെ ഭിന്നശേഷിയുള്ള 63 കുട്ടികളെ സന്ദർശിക്കുകയും 4 കിലോ കേക്ക് കുട്ടികൾക്ക് സ്പോൺസർ ചെയ്യുകയും ചെയ്തു.

**പ്രവാസികാര്യ കമ്മീഷൻ**: പേട്ട ഇടവക റ്റിഎസ്എസ്എസ് ന്റെ നേതൃത്വത്തിൽ നോർക്കാ റൂട്ട്സ്സുമായി ചേർന്ന് ക്ഷേമനിധി ബോധവത്ക്കരണ ക്ലാസ്സും പ്രവാസി ഫോറം രൂപീകരണവും ധാരണയായി.

**ഫാ. ക്രിസ്റ്റഫർ കെ.എൽ**
കോഓഡിനേറ്റർ

**ബിയാട്രിസ് ഗേർട്ടി**
ആനിമേറ്റർ

# ദലിത് ശക്തീകരണ നയം

സി.ബി.സി.ഐ.യുടെ എസ്.സി/ബി.സി. കമ്മീഷന്റെ ആഭി മുഖ്യത്തിൽ ദലിത് ശക്തീകരണ നയം സംബന്ധിച്ച് ബാംഗ്ലൂരിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2018 ഫെബ്രുവരി 20,21 തിയതികളിൽ ദേശീയ വർക്ക്ഷോപ്പ് നടന്നു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് ശരത് ചന്ദ്ര നായക്, ബിഷപ്പ് നീതിനാഥൻ, ബിഷപ്പ് സൗന്ദരരാജു എന്നിവരും വർക്ക്ഷോപ്പിൽ പങ്കെടുത്തിരുന്നു. തിരുവനന്തപുരം അതിരൂപതയിൽ നിന്ന് ഡയറക്ടർ എം. ആർക്കാഞ്ചലൊ, ഡി.സി.എം.എസ് പ്രസിഡന്റ് ജോർജ്ജ് പള്ളിത്തറ, സെക്രട്ടറി ഫ്രാൻസീസ് എന്നിവർ പങ്കെടുത്തു. ദലിത് ശക്തീകരണ നയം പൂർണ്ണമായും രൂപതകളിൽ നടപ്പാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ രൂപതകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെ സംബന്ധിച്ച് പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ഫെറോനതല അല്മായ ശുശ്രൂഷാ യോഗങ്ങൾ**

ഫെറോനതല പരിശീലന പരിപാടിയോടനുബന്ധിച്ച് വിവിധ ഫെറോനകളിൽ നടന്ന അല്മായ ശുശ്രൂഷാ കൺവീനർമാരുടെ കൂടിവരവും ചർച്ചയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അല്മായ ശുശ്രൂഷയിൽ നിന്നും ലഭ്യമായ മാർഗ്ഗരേഖയനുസരിച്ച് പദ്ധതി രൂപീകരണത്തിനുള്ള ഊന്നലുകൾ ചർച്ച ചെയ്ത് തീരുമാനിച്ചു. എല്ലാ ഫെറോനകളിലും അല്മായ ശുശ്രൂഷ ഡയറക്ടർ എം. ആർക്കാഞ്ചലൊ ചർച്ചകൾക്ക് നേതൃത്വം നൽകി.

**1. പുല്ലുവിള ഫെറോന**

03.02.2018 ൽ നടന്ന പുല്ലുവിള ഫെറോനയിലെ കൂടിവരവിലും ചർച്ചയിലും ഫെറോന വൈദീക കോഡിനേറ്റർ ഫാ. ഷാജു വില്യമും കരിങ്കുളം, നമ്പ്യാതി, പുതിയതുറ, പുല്ലുവിള, കൊല്ലംങ്കോട് എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു.



**2. കോവളം ഫെറോന**

04.02.2018 ൽ നടന്ന കോവളം ഫെറോനയിലെ കൂടിവരവിലും ചർച്ചയിലും ഫെറോന വൈദീക കോഡിനേറ്റർ ഫാ. ജോഫിൻ അമരക്കാട്ടും പൂന്തുറ, പരുത്തിക്കുഴി, നെല്ലിയോട്, കാക്കാമൂല, പെരിങ്ങമല, പുന്നമൂട്, പൊന്നുമംഗലം എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു.

**3. വലിയതുറ ഫെറോന**

10.02.2018 ൽ നടന്ന വലിയതുറ ഫെറോനയിലെ കൂടിവരവിലും ചർച്ചയിലും ഫെറോന വൈദീക കോഡിനേറ്റർ ഫാ. സൈറസ് കളത്തിലും ചെറിയതുറ, കൊച്ചുതോപ്പ്, കണ്ണാന്തുറ, വെട്ടുകാട്, ചെറുവെട്ടുകാട്, കൊച്ചുവേളി, വലിയതുറ എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു

**4. പാളയം ഫെറോന**

11.02.2018 ൽ നടന്ന പാളയം ഫെറോനയിലെ കൂടിവരവിലും ചർച്ചയിലും ഫെറോന വൈദീക കോഡിനേറ്റർ ഫാ. ജെറോം അമൃതയ്യനും പാളയം, വെള്ളയമ്പലം, കുടപ്പനകുന്ന്, പുന്നയ്ക്കാമൂട്, മലമുകൾ, കിള്ളിപ്പാലം, മണക്കാട്, കുലശേഖരം, ക്രിസ്തുരാജപുരം, കുറവൻകോണം എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു.

**5. പേട്ട ഫെറോന**

11.02.2018 ൽ നടന്ന പേട്ട ഫെറോനയിലെ കൂടിവരവിലും ചർച്ചയിലും ഫെറോന വൈദീക കോഡിനേറ്റർ ഫാ. റോബിൻസനും പേട്ട, കുമാരപുരം, മുട്ടട, പോങ്ങുംമൂട്, മൺവിള, എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു.

**6. അഞ്ചുതെങ്ങ് ഫെറോന**

17.02.2018 ൽ നടന്ന അഞ്ചുതെങ്ങ് ഫെറോനയിലെ കൂടിവരവിലും ചർച്ചയിലും ഫെറോന വൈദീക കോഡിനേറ്റർ ഫാ. സെബാസ്റ്റ്യനും അഞ്ചുതെങ്ങ്, മാമ്പള്ളി, വെണ്ണിയോട്, ആറ്റിങ്ങൽ, ചമ്പാവ്, മുങ്ങോട്, താഴംപള്ളി എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു.

**7. പുതുക്കുറിച്ചി ഫൊറോന**

18.02.2018 ൽ നടന്ന പുതുക്കുറിച്ചി ഫൊറോനയിലെ കൂടിവരവിലും ചർച്ചയിലും പുന്തൻതോപ്പ്, പള്ളിത്തുറ, കൊച്ചുതുറ, സെന്റ്.ഡൊമിനിക്ക്, സെന്റ് ആൻഡ്രൂസ്, വെട്ടുതുറ, മരിയനാട്, പുതുക്കുറിച്ചി, തുമ്പ എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാർ പങ്കെടുത്തു. വൈദീക കോഡിനേറ്റർ യോഗത്തിൽ പങ്കെടുത്തില്ല.

**8. കഴക്കൂട്ടം ഫൊറോന**

18.02.2018 ൽ നടന്ന കഴക്കൂട്ടം ഫൊറോനയിലെ കൂടിവരവിലും ചർച്ചയിലും ഫൊറോന വൈദീക കോഡിനേറ്റർ ഫാ. എ. ആർ. ജോണും കാര്യവട്ടം, മുരുക്കുമ്പുഴ, കൊയ്ത്തൂർക്കോണം, ആവുകുളം, ചെങ്കോട്ടുകോണം, എന്നീ ഇടവകകളിലെ അല്മായ ശുശ്രൂഷ കൺവീനർമാരും പങ്കെടുത്തു.

തൂത്തൂർ ഫൊറോനയിൽ അല്മായ ശുശ്രൂഷ രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അവിടെ യോഗം നടന്നില്ല.

.

**സമന്വയ ബുള്ളറ്റിനിലെ**
**പ്രസിദ്ധീകരണത്തിന്**

മാസത്തിന്റെ അവസാന പ്രവർത്തിദിനം ഉൾപ്പെടെ 5 പ്രവർത്തിദിനത്തിന് മുമ്പുള്ള ദിവസത്തിനകം ലഭിക്കുന്ന ഇനങ്ങൾ മാത്രമേ പ്രസിദ്ധീകരണത്തിന് സ്വീകരിക്കാൻ കഴിയൂ.

ഏപ്രിൽ 01 വരെ പ്രസ്സ് വിശുദ്ധവാര അവധിയിലായതിനാൽ, ഏപ്രിൽ മാസത്തെ പ്രസിദ്ധീകരണത്തിനുള്ള ഇനങ്ങൾ മാർച്ച് 22 നകം ലഭ്യമാക്കേണ്ടതുണ്ട്. ബന്ധപ്പെട്ട ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.